## മറയൂരിന്റെ മഹിമ ! മായമില്ലാത്ത മധുരം




മറയൂർ - കാന്തല്ലൂർ ട്രൈബൽ
ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ഉൽപ്പന്നം

കേരള സംസ്ഥാന പട്ടികവർഗ വികസന വകുപ്പിന്റെ ഒരു സംരംഭം

കേരള സർക്കാർ


Printed and Published by K. Gopalakrishnan IAS Director, Scheduled Caste Development Department, Govt. of Kerala.
Editor: Rajesh Chirappadu. Printed at Goverment Press, Thiruvananthapuram (Private Circulation Only)

# ഉന്നതി

യാഥാർത്ഥ്യമാക്കാം ഒരു ജനതയുടെ ഉന്നമനം

കേരള സർക്കാർ

സെപ്തംബർ-ഒക്ടോബർ 2024 പുസ്തകം 2 ലക്കം 6

പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ പ്രസിദ്ധീകരണം

## അയ്യൻകാളിയെ അനുസ്മരിച്ച് കേരളം



പട്ടികവിഭാഗങ്ങളുടെ ജീവിതം സുരക്ഷിതമാക്കാൻ മികവുറ്റ ആരോഗ്യ പദ്ധതികൾ

വയനാട് ചൂരൽമല ദുരന്തം
അതിജീവനത്തിന്റെ അടയാളങ്ങൾ

തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനം ആചരിച്ചു.

പുത്തനുണർവ്വായി ജില്ലാതല അവലോകനങ്ങൾ

എല്ലാ പട്ടിക വിഭാഗക്കാരെയും ഭൂമിയുടെ അവകാശികളാക്കും: മന്ത്രി ഒ ആർ കേളു



# എഡിറ്റോറിയൽ

സെപ്തംബർ-ഒക്ടോബർ 2024

പുസ്തകം-2 ലക്കം-6

ഉന്നതിയുടെ പുതിയ ലക്കം ഇറങ്ങുന്നത് കേരളം നാളിതുവരെ കാണാത്ത വലിയൊരു ദുരന്തമുഖത്തെ നേരിട്ടതിനുശേഷമാണ്. വയനാട്ടിലെ ചൂരൽമലയിലെയും മുണ്ടക്കൈയ്യിലെയും ഉരുൾപൊട്ടലിൽ ഒരു ജനവാസ കേന്ദ്രമാണ് ഇല്ലാതായത്. ഈ ദുരന്തത്തെ അതിജീവിക്കുന്നതിനായി സംസ്ഥാന സർക്കാരും ജില്ലാഭരണകൂടവും സൈന്യവും പൊലീസും സന്നദ്ധസേവകരും നാട്ടുകാരും എന്നുവേണ്ട നാനാവിധ മേഖലയിലുള്ള മനുഷ്യർ ആ നാടിനെ കൈപിടിച്ചുയർത്താൻ കൂടെ നിന്നു എന്നത് അഭിമാനകരമായ കാര്യമാണ്. പട്ടികജാതി പട്ടികവർഗ പിന്നാക്ക വികസനവകുപ്പും അതിന്റെ കൂടെ കൈകോർത്തു നിന്നു. അടിസ്ഥാന ജനവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ജില്ലയായാണ് വയനാട്. അതുകൊണ്ട് തന്നെ അവിടെ ഒരു ദുരന്തമുണ്ടാകുമ്പോൾ ഈ മനുഷ്യരും അതിന്റെ ഇരയായി മാറും. അതുകൊണ്ടുതന്നെ അവരുടെ അതിജീവനത്തിനായുള്ള പ്രവർത്തനങ്ങളിൽ നമ്മുടെ വകുപ്പ് മന്ത്രി ഒ ആർ കേളുവും മറ്റ് മന്ത്രിമാരും ദുരന്തമുഖത്ത് ക്യാമ്പുചെയ്തുകൊണ്ടാണ് രക്ഷാപ്രവർത്തനങ്ങളെ ഏകോപിപ്പിച്ചത്. പാലക്കാട് മെഡിക്കൽ കോളേജിൽ നിന്ന് പ്രത്യേക സംഘം ബഹു. മന്ത്രി ഒ ആർ കേളുവിന്റെ നിർദ്ദേശപ്രകാരം ദുരന്തമുഖ്ത്ത് എത്തിച്ചേരുകയും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ചികിത്സകൾ നൽകുകയും ചെയ്തു.

മുഖ്യമന്ത്രി പിണരായി വജയൻ ദുരന്തഭൂമി സന്ദർശിക്കുകയും അവിടത്തെ ജനങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു. രക്ഷാപ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ദുരന്തത്തിൽ ഇരയായവരുടെ ബന്ധുക്കളെ ആശ്വസിപ്പിക്കുകയും ചെയ്തു.

വയനാട്ടിലെ ഈ ദുരന്ത പശ്ചാത്തലത്തിൽ ദുരിതബാധിത പ്രദേശത്തെ പട്ടികജാതി പട്ടികവർഗ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തവരുടെ കടങ്ങൾ എഴുതിത്തള്ളാനെടുത്ത തീരുമാനം നമ്മുടെ വകുപ്പ് ചെയ്ത ഏറ്റവും മഹത്തായ പ്രവർത്തനാമായി വിലയിരുത്താവുന്നതാണ്. അതുപോലെ തന്നെ സർക്കാരിന്റെ വിവിധ വകുപ്പുകൾ ദുരന്തമുഖത്ത് അനാഥരായിപ്പോയ മനുഷ്യരുടെ സങ്കടങ്ങൾ ഏറ്റെടുക്കുന്നത് നാം കണ്ടു.

മഹാത്മ അയ്യൻകാളിയുടെ 161-ാമത് ജന്മദിനമാണ് കടന്നുപോയത്. വകുപ്പ് അദ്ദേഹത്തിന്റെത്തിന്റെ ജന്മദിനം സമുചിതമായി ആചരിക്കുകയുണ്ടായി. അതിനെ സംബന്ധിച്ചുള്ള വിശദമായി റിപ്പോർട്ട് ഈ ലക്കത്തിലുണ്ട്. കൂടാതെ കേരളത്തിലെ പട്ടികവിഭാഗം ജനങ്ങളുടെ ആരോഗ്യപുരോഗതിയെ സംബന്ധിച്ച് ഈ സർക്കാരിന്റെ കരുതലും അതിനായുള്ള പ്രവർത്തനങ്ങളും വിശദമായി ഈ ലക്കത്തിൽ പ്രതിപാദിക്കുന്നുണ്ട്. തദ്ദേശിയ ജനതയുടെ അന്തർദേശിയ ദിനദിനാചരണം, ജില്ലാതലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പട്ടികജാതി പട്ടികവർഗ പിന്നാക്ക വികസന വകുപ്പുകളുടെ അവലോകന യോഗങ്ങളുടെ റിപ്പോർട്ട് എന്നിവയും ഈ ലക്കത്തിലുണ്ട്.

**കെ ഗോപാലകൃഷ്ണൻ ഐ.എ.എസ്**

(ഡയറക്ടർ പട്ടികജാതി വികസനവകുപ്പ്)

**ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും**

ഉന്നതി, ചീഫ് പബ്ലിസിറ്റി ഓഫീസ്, എസ് സി വികസനവകുപ്പ്, അയ്യൻകാളി ഭവൻ, കനക നഗർ, കവടിയാർ പി ഒ, വെള്ളയമ്പലം, തിരുവനന്തപുരം 695003

ഫോൺ: 0471 2737213, 737214 Email: unnathimasika.cpo@gmail.com Office: cposcdd@gmail.com

ഉന്നതി

യാഥാർത്ഥ്യമാക്കാം ഒരു ജനതയുടെ ഉന്നമനം

# ഉള്ളടക്കം





5 അയ്യൻകാളിയുടെ ആദർശങ്ങളെ നെഞ്ചേറ്റിയ അനുസ്മരണം

8 അയ്യൻകാളി നല്കിയ ചരിത്രപാഠങ്ങൾ
ഒ ആർ കേളു

12 പട്ടികവിഭാഗങ്ങളുടെ ജീവിതം സുരക്ഷിതമാക്കാൻ മികവുറ്റ ആരോഗ്യ പദ്ധതികൾ





17 വയനാട് ചൂരൽമല ദുരന്തം അതിജീവനത്തിന്റെ അടയാളങ്ങൾ



## എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
**ഒ ആർ കേളു**
(പട്ടിതകജാതി-പട്ടികവർഗ
പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി)

ചീഫ് എഡിറ്റർ
**കെ ഗോപാലകൃഷ്ണൻ എ. എ. എസ്**
(ഡയറക്ടർ പട്ടികജാതി വികസന വകുപ്പ്)

അസോസിയേറ്റ് എഡിറ്റേഴ്സ്
**ഡി ആർ മേഘശ്രീ എ. എ. എസ്**
(ഡയറക്ടർ പട്ടികവർഗ വികസന വകുപ്പ്)

**ജോൺ വി സാമുവൽ എ. എ. എസ്**
(ഡയറക്ടർ പിന്നാക്ക വിഭാഗ വികസനവകുപ്പ്)

എഡിറ്റർ
**രാജേഷ് ചിറപ്പാട്**

അസിസ്റ്റന്റ് എഡിറ്റേഴ്സ്
**സുരേഷ് ഗോപി**
**സരിത അഭിരാമം**

മാനേജർ
**ജോൺ നൈനാൻ**
(ചീഫ് പബ്ലിസിറ്റി ഓഫീസർ)

കോ- ഓഡിനേറ്റിംഗ് എഡിറ്റേഴ്സ്
**വി സജീവ്**
(അഡീ. ഡയറക്ടർ പട്ടികജാതി വികസന വകുപ്പ്)
**ജോസഫ് ജോൺ**
(ജോയിന്റ് ഡയറക്ടർ പട്ടികജാതി വികസനവകുപ്പ്)

**ജില്ലാ പ്രതിനിധികൾ**

| | |
|---|---|
| തിരുവനന്തപുരം | മീനാറാണി എസ് |
| കൊല്ലം | ബീന എസ് എസ് |
| പത്തനംതിട്ട: | ഇ എസ് അംബിക |
| ആലപ്പുഴ | എം എസ് സുനിൽ (ഇൻചാർജ്) |
| കോട്ടയം | എം എസ് സുനിൽ |
| ഇടുക്കി | സാജു ജേക്കബ് |
| എറണാകുളം | കെ സന്ധ്യ |
| തൃശ്ശൂർ | ലിസ ജെ മാങ്ങാട് |
| പാലക്കാട് | കുമാരി ശ്രീജ കെ എസ് |
| മലപ്പുറം | മണികണ്ഠൻ കെ |
| കോഴിക്കോട് | കെ പി ഷാജി |
| വയനാട് | ജി ശ്രീകുമാർ (ഇൻചാർജ്) |
| കണ്ണൂർ | മനോഹരൻ കെ |
| കാസറഗോഡ് | കെ വി രവിരാജ് |





24 തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനം ആചരിച്ചു

28 **മസ്റ്റ് റീഡ് ബുക്ക്**
കേരളത്തിലെ സമുദായചരിത്രവും സംവാദങ്ങളും
**ഡോ. ഒ കെ സന്തോഷ്**

30 **കവിത**
പടവുകൾ
**സി പി ശ്രീലേഖ**






31 മറയൂർ ശർക്കരയുടെ രുചി ഇനി ലോകമറിയും

32 പുത്തനുണർവ്വായി ജില്ലാതല അവലോകനങ്ങൾ





39 **കഥ**
അഭിരുചിയുടെ സൗന്ദര്യം
**നകുലൻ നന്ദനം**

44 **ഇന്ത്യൻ യാത്രകൾ**
മുറിച്ചുമാറ്റപ്പെട്ട ധമനികൾ
**രാധാകൃഷ്ണൻ ചെറുവല്ലി**





47 **വിജ്ഞാന ഉന്നതി**

48 **ജൂനിയർ ഉന്നതി**

# അയ്യൻകാളിയെ അനുസ്മരിച്ച് കേരളം



*തിരുവനന്തപുരം വെള്ളയമ്പലത്തെ അയ്യൻകാളി പ്രതിമയിൽ മന്ത്രിമാരായ ഒ ആർ കേളു വി ശിവൻകുട്ടി, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, മേയർ ആര്യ രാജേന്ദ്രൻ, എം വിജയകുമാർ വി കെ പ്രശാന്ത് എം എൽ എ തുടങ്ങിയവർ പുഷ്പാർച്ചന നടത്തുന്നു.*




*അനുസ്മരണ സമ്മേളനം മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്യുന്നു.*

# അയ്യൻകാളിയുടെ ആദർശങ്ങളെ നെഞ്ചേറ്റിയ അനുസ്മരണം

മഹാത്മാ അയ്യൻകാളിയുടെ 161–ാം ജന്മദിനം പട്ടികജാതി വികസനവകുപ്പിന്റെ ആഭിമുഖ്യത്തിൽ സമുചിതമായി ആചരിച്ചു. അനുസ്മരണ സമ്മേളനം മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്തു. മന്ത്രി വി ശിവൻകുട്ടി അദ്ധ്യക്ഷനായി.

കേരളത്തിലെ തദ്ദേശീയ ജന വിഭാഗത്തിന്റെ ഉന്നമനത്തിനായി പോരാടിയ ധീരയോദ്ധാവായ മഹാത്മാ അയ്യൻകാളിയുടെ ജീവിത സന്ദേശം ഉൾക്കൊണ്ട് സമൂഹത്തെ മുന്നോട്ടുനയിക്കാൻ പുതുതലമുറ സജ്ജമാകണമെന്ന് മന്ത്രി ഒ ആർ കേളു പറഞ്ഞു. വഴിനടക്കാനോ വിദ്യാഭ്യാസം നേടാനോ, ക്ഷേത്രങ്ങളിൽ പ്രവേശിക്കാനോ കഴിയാത്ത ഒരു കാലഘട്ടത്തിൽ താൻ ഉൾക്കൊള്ളുന്ന സമൂഹത്തിന് മറ്റുള്ളവർക്കു ലഭിക്കുന്നതു പോലുള്ള എല്ലാ സ്വാതന്ത്ര്യവും ലഭിക്കണമെന്നതായിരുന്നു അയ്യൻകാളിയുടെ ദർശനം. സമത്വത്തിനു വേണ്ടിയുള്ള പോർവിളികളിലൂടെ സ്വാതന്ത്ര്യം നേടി വർത്തമാന കാലത്തിൽ എത്തിയിട്ടും അസമതത്തിലേക്ക് കേരളം നീങ്ങുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും മന്ത്രി പറഞ്ഞു.

വെള്ളയമ്പലം അയ്യൻകാളി സ്ക്വയറിലുള്ള അയ്യൻകാളി പ്രതിമയിൽ മന്ത്രിമാരായ ഒ ആർ കേളു, വി ശിവൻകുട്ടി, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, മേയർ ആര്യ രാജേന്ദ്രൻ, എം വിജയകുമാർ




*മന്ത്രി വി ശിവൻകുട്ടി*



*ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ*



*മന്ത്രി ജി ആർ അനിൽ*

വി കെ പ്രശാന്ത് എം എൽ എ തുടങ്ങിയവർ പുഷ്പാർച്ചന നടത്തി.

അയ്യൻകാളി ഒരു നേതാവ് എന്നതിലുപരി അടിച്ചമർത്തപ്പെട്ടവരുടെ പ്രത്യാ ശയുടെ വെളിച്ചമായിരുന്നുവെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ഐതിഹാസികമായ വില്ലുവണ്ടി സമരത്തിലൂടെയും കല്ലുമാല സമരത്തിലൂടെയും ചരിത്രത്തിന്റെ ഗതി മാറ്റിമറിക്കുന്ന ഒരു പ്രസ്ഥാനത്തിന് നേതൃ ത്വം നൽകിയ അദ്ദേഹത്തിന്റെ സമരങ്ങൾ കേവലം പ്രതിഷേധമായിരുന്നില്ല. ജാതിഅടിസ്ഥാനത്തിലുള്ള അടിച്ചമർത്തലിന്റെ ചങ്ങലകൾ പൊളിക്കേണ്ട സമയം അതി ക്രമിച്ചിരിക്കുന്നു എന്ന ശക്തമായ പ്രഖ്യാപനങ്ങളായിരുന്നു. അയ്യൻകാളി നടത്തിയ സമരം അവസാനിച്ചിട്ടില്ലെന്ന് നാം തിരിച്ചറിയണം. നാം എത്ര പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും ഭൂതകാലത്തിന്റെ വേദനാജനകമായ ഓർമ്മപ്പെടുത്തലുകളായി സാമൂഹിക ഘടനയിൽ ജാതി വേർതിരിവുകൾ ഇപ്പോഴും നിലനിൽക്കുന്നു. സാമ്പത്തിക അസമത്വവും വർദ്ധിച്ചുവരുന്ന വർഗീയതയും എല്ലാവർക്കും തുല്യനീതി സാക്ഷാത്കരിക്കുന്നതിന് വെല്ലുവിളികൾ ഉയർത്തുന്നതായും അധ്യക്ഷനായിരുന്ന മന്ത്രി വ്യക്തമാക്കി.

വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിയൂ എന്നതായിരുന്നു അയ്യൻകാളിയുടെ ദീർഘവീക്ഷണമെന്നും ആ ദിശയിലേക്ക് കേരളത്തിലെ സമൂഹത്തെ നയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞതായും മന്ത്രി ജി ആർ അനിൽ പറഞ്ഞു. ഊരൂട്ടമ്പലത്തെ പഞ്ചമി യു പി സ്കൂൾ അതിന് ഉദാഹരണമാണ്. അയ്യൻകാളി ഉൾപ്പെടെയുള്ള സാമൂഹ്യ പരിഷ്കർത്താക്കൾ തെളിച്ച വഴിയിലൂടെ മുന്നോട്ടു വരാൻ കഴിഞ്ഞതിനാലാണ് സമസ്ത മേഖലകളിൽ നേട്ടം കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞതെന്നും മന്ത്രി പറഞ്ഞു.

ജയന്തി ആഘോഷങ്ങളുടെ ഭാഗമായി മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ നടത്തിയ ക്വിസ് മത്സര ജേതാ



*വെങ്ങാനൂരിലെ അയ്യൻകാളി പ്രതിമയിൽ മന്ത്രി ഒ ആർ കേളു പുഷ്പാർച്ചന നടത്തുന്നു*

ക്കൾക്ക് മേയർ ആര്യാ രാജേന്ദ്രൻ സമ്മാനങ്ങൾ വിതരണം ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, എം.എൽ.എമാരായ വി.കെ പ്രശാന്ത്, ആന്റണി രാജു, മുൻ സ്പീക്കർ എം വിജയകുമാർ, മുൻ എംഎൽഎ സത്യൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, വകുപ്പ് ഡയറക്ടർ കെ ഗോപാലകൃഷ്ണൻ ഐ എ എസ്, അഡീഷണൽ ഡയറക്ടർ വി സജീവ് എന്നിവരും അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു.

അയ്യൻകാളിയുടെ ജന്മനാടായ വെങ്ങാനൂരിലും കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലും അയ്യൻകാളി ദിനാചരണം സംഘടിപ്പിച്ചിരുന്നു.




*സംസ്ഥാനതല ക്വിസ് മത്സരത്തിൽ വിജയികളായ ആലുവ എം ആർ എസ് വിദ്യാർത്ഥികൾക്ക് മേയർ ആര്യാ രാജേന്ദ്രൻ സമ്മാനം വിതരണം ചെയ്യുന്നു*



**ഒ ആർ കേളു**
ബഹു. പട്ടികജാതി പട്ടികവർഗ
പിന്നാക്കവിഭാഗ വികസനവകുപ്പ് മന്ത്രി

# അയ്യൻകാളി നല്കിയ ചരിത്രപാഠങ്ങൾ

**ന**മ്മുടെ സമൂഹത്തിൽ ആഴത്തിൽ വേരോടിയ അനാചാരങ്ങൾക്കും, അസമത്വങ്ങൾക്കും എതിരെ പട വെട്ടിയ നവോത്ഥാന നായകനാണ് മഹാത്മ അയ്യൻകാളി. പാവപ്പെട്ടവരുടെ ഉന്നമനത്തിന് വിദ്യാഭ്യാസം മാത്രമാണ് ഏക പോംവഴിയെന്ന് ക്രാന്തദർശിയായ ആ പോരാളി തിരിച്ചറിഞ്ഞു. അതിന്റെ അനന്തരഫലമാണ് ജാതികോമരങ്ങളുടെ കോട്ടകൊത്തളങ്ങൾ ഇടിച്ചു നിരത്തിയ വില്ലുവണ്ടിയുടെ മുന്നേറ്റമെന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല.

മാടമ്പികൾ ‘അയിത്തവണ്ടി’ എന്ന് വിളിച്ച വില്ലുവണ്ടി, പിന്നാക്ക, ദളിത് വിഭാഗങ്ങളുടെ ആത്മവിശ്വാസം ഗണ്യമായി ഉയർത്തുന്നതിൽ വലിയ പങ്ക് വഹിച്ചു. തിരുവിതാംകൂറിന്റെ മുക്കിലും, മൂലയിലും സഞ്ചരിച്ച അയ്യൻകാളി സായുധ പ്രതിരോധങ്ങളെ പേശിബലത്താലും, നെഞ്ചുറപ്പിനാലും നേരിട്ടതോടെ സാധാരണക്കാരുടെ ഹൃദയത്തിൽ ഇടം പിടിച്ചു.

**ശ്രീമൂലം പ്രജാസഭയിൽ അംഗമായിരിക്കെ അയ്യൻകാളി അവതരിപ്പിച്ച നിവേദനങ്ങളും പ്രമേയങ്ങളും അദ്ദേഹത്തിന്റെ സാമൂഹിക-രാഷ്ട്രീയ ബോധ്യങ്ങളുടെ മായാത്ത മുദ്രകളാണ്. തരിശുഭൂമി പതിച്ചു നൽകൽ, തൊഴിലധിഷ്ഠിത പഠനം, വിദ്യാഭ്യാസാവകാശം തുടങ്ങി അയ്യൻ കാളി അവതരിപ്പിച്ച വിഷയങ്ങൾ സർവ്വകാലികമാണ്.**

ഇതോടെ ദരിദ്രജനതയ്ക്ക് അദ്ദേഹം അവകാശ പോരാട്ടങ്ങളുടെ മറുവാക്കായി മാറി. കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പാവങ്ങളുടെ യാതനകളിൽ അയ്യൻകാളി ഇടപെട്ടു. പാവങ്ങളുടെ കുട്ടികൾക്ക് സ്കൂൾ പ്രവേശനം നിഷേധിച്ചാൽ കൊയ്യാൻ പാടത്തിറങ്ങില്ലെന്ന ഉഗ്രതാക്കീതോടെ തിരുവിതാംകൂറിലെ ആദ്യ കർഷക സമരത്തിന് 1905-ൽ നേതൃത്വം നൽകിയതും മറ്റാരുമായിരുന്നില്ല.

കർഷകത്തൊഴിലാളി മുന്നേറ്റത്തിന് വ്യക്തമായ ദിശാബോധം നൽകിയതിൽ ഈ സമരത്തിന് ചരിത്രപരമായ പങ്കുണ്ട്.
കർഷക സമരത്തിൽ നിന്നും ലഭിച്ച ഊർജ്ജവുമായി അനീതിക്കെതിരെ പോരാട്ടം തുടർന്ന അയ്യൻകാളി സ്ത്രീകൾ മുലക്കച്ചയണിഞ്ഞു നടക്കാനും, കല്ലുമാലയും, ഇരുമ്പുവളയങ്ങളും ധരിക്കുന്നത് ഉപേക്ഷിക്കാനും ആഹ്വാനം ചെയ്തു.

1915-ൽ കൊല്ലം പീരങ്കി മൈതാനത്ത് സമ്മേളിച്ച മഹാസഭ അയ്യൻകാളിയുടെ ആഹ്വാനത്താൽ പ്രചോദിതരായി കല്ലുമാലകൾ വലിച്ചെറിഞ്ഞത് വിപ്ലവകരമായ ഒരു സാമൂഹിക മുന്നേറ്റമായിരുന്നു. 1904-ൽ വെങ്ങാനൂരിൽ ദളിതരുടെ ആദ്യത്തെ പള്ളിക്കൂടം സ്ഥാപിച്ച അയ്യൻകാളിക്ക് അന്ന് രാത്രി തന്നെ ആ കെട്ടിടം സവർണർ കൊളുത്തിയ തീയിൽ വെന്തെരിയുന്നതിന് സാക്ഷിയാകേണ്ടി വന്നു. പള്ളിക്കൂടത്തിൽ പ്രവേശനം അനുവദിച്ചുള്ള വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവുമായി എട്ടുവയസ്സുകാരി പഞ്ചമിയെയുംകൊണ്ട് ഊരൂട്ടമ്പലം പെൺപള്ളിക്കൂടത്തിലെത്തിയ അയ്യൻകാളി അധ്യാപകന്റെ തടസ്സവാദം വകവെയ്ക്കാതെ കുട്ടിയെ ക്ലാസിലിരുത്തി. എന്നാൽ വീണ്ടും സ്കൂളിന് തീവെച്ചാണ് അയ്യൻകാളിയെ തോൽപ്പിക്കാൻ  അയിത്ത കോമരങ്ങൾ ശ്രമിച്ചത്.



ശ്രീമൂലം പ്രജാസഭയിൽ അംഗമായിരിക്കെ അയ്യൻകാളി അവതരിപ്പിച്ച നിവേദനങ്ങളും പ്രമേയങ്ങളും അദ്ദേഹത്തിന്റെ സാമൂഹിക-രാഷ്ട്രീയ ബോധ്യങ്ങളുടെ മായാത്ത മുദ്രകളാണ്. തരിശുഭൂമി പതിച്ചുനൽകൽ, തൊഴിലധിഷ്ഠിത പഠനം, വിദ്യാഭ്യാസാവകാശം തുടങ്ങി അയ്യൻകാളി അവതരിപ്പിച്ച വിഷയങ്ങൾ സർവ്വകാലികമാണ്. സ്കൂളുകളിൽ ഉച്ചഭക്ഷണം അനുവദിക്കണമെന്ന പ്രമേയം അയ്യൻകാളിയുടെ ദീർഘവീക്ഷണത്തിന് നിദർശനമാണ്. രാജ്യത്തെ പൊതു സ്ഥിതിയിൽ നിന്ന് വ്യത്യസ്തമായി പട്ടിക വിഭാഗക്കാർക്ക് ഭൂമി, വീട് അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം, സാമൂഹ്യ സുരക്ഷ, വിദ്യാഭ്യാസം എന്നീ മേഖലകളിലൊക്കെ കേരളം ഏറെ മെച്ചപ്പെട്ട നിലയിലാണ്. പത്ത് ബി.എ ക്കാരെ സ്വന്തം സമുദായത്തിൽ നിന്ന് കണ്ടിട്ട് മരിക്കണമെന്നായിരുന്നു അയ്യൻകാളി ആഗ്രഹിച്ചത്. എന്നാൽ കേരളത്തിൽ നിന്നും കഴിഞ്ഞ എട്ടു വർഷം കൊണ്ട് 800 ഓളം പട്ടിക - പിന്നാക്കവിഭാഗം കുട്ടികളെയാണ് ബിരുദാനന്തര പഠനത്തിനായി വിദേശത്തേക്ക് പൂർണ്ണ സ്കോളർഷിപ്പോടെ അയച്ചിട്ടുള്ളത്.

എം ആർ എസ്  സ്കൂളുകളിലൂടെ മികച്ച വിദ്യാഭ്യാസവും, ആരോഗ്യ സംരക്ഷണവും ഉറപ്പിക്കുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വീടുകളിൽ നിന്നും വിദ്യാർത്ഥികളെ

സുരക്ഷിതമായി സ്കൂളുകളിലേക്കും തിരിച്ചും വാഹനങ്ങളിൽ എത്തിക്കുന്നു. പട്ടികജാതി വികസന വകുപ്പ് നടത്തുന്നതും ഓരോ അക്കാദമിക് വർഷ വും 72 പട്ടികവിഭാഗം കുട്ടികൾക്ക് എം ബി ബി എസ് പ്രവേ ശനം ഉറപ്പാക്കുന്നതുമായ പാലക്കാട് മെഡിക്കൽ കോളേജ് രാജ്യത്തിന് തന്നെ മാതൃകയാണ്.

കേരള ജനസംഖ്യയുടെ 9.1 ശതമാനം വരുന്ന പട്ടികജാതി വിഭാഗത്തിന് വാർഷിക പദ്ധതിയുടെ 9.81% തുകയും, 1.45% വരുന്ന പട്ടികവർഗ്ഗ ജനവിഭാഗത്തിന് വാർഷിക പദ്ധതിയുടെ 2.83% തുകയുമാണ് സർക്കാർ ബ ജറ്റിൽ നീക്കിവെച്ചിട്ടുള്ളത്. ഇതേസമയം ദേശീയ ജനസംഖ്യയുടെ 16.6% വരുന്ന പട്ടികജാതി വിഭാഗത്തിന് ബജറ്റിന്റെ 3.53% തുകയും, 8.6% വരുന്ന പട്ടികവർഗ്ഗ വിഭാഗത്തിന് 2.65% തുകയുമാണ് കേന്ദ്രസർക്കാർ മാറ്റിവെയ്ക്കുന്നത്. ഇതൊരു ശതമാന കണക്ക് മാത്രമല്ല. രാഷ്ട്രീയ നയങ്ങളുടെയും, നിലപാടുകളുടെയും പ്ര തിഫലനമാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപ ത്യ മുന്നണി സർക്കാർ പട്ടികവിഭാഗത്തെ ഉന്നതിയിലേയ്ക്ക് ഉയർത്താൻ അഹോരാത്രം പരിശ്രമിക്കുമ്പോൾ, സംഘപരിവാറിന്റെ ധൃതരാഷ്ട്രാലിംഗനം മാത്രമാണ് ദേശീയ സർക്കാരിൽ നിന്ന് ലഭിക്കുന്നത്.

സ്കോളർഷിപ്പുകളിലാണ് ഇത്തവണത്തെ ബജറ്റിൽ കേന്ദ്രസർക്കാർ പ്ര ധാന വെട്ടിക്കുറവ് വരുത്തിയത്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് മുൻവർഷം പട്ടികജാതി വിഭാഗത്തിൽ 1078 കോടി രൂപ ഉണ്ടായിരുന്നത് ഇത്തവണ 921 കോടിയാക്കി. പിന്നാക്ക വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് മുൻവർഷം 90 കോടിയായിരുന്നത് ഇത്തവണ 50 കോടിയാക്കി കുറച്ചു. പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള സ്കോ ളർഷിപ്പിലും കുറവുണ്ട്. പട്ടികവിഭാഗക്കാർക്ക് മികച്ച വിദ്യാഭ്യാസം കിട്ടാ തിരിക്കാനുള്ള ആസൂത്രിത ശ്രമമായിട്ടുവേണം ഇതിനെ കാണാൻ.





എന്നാൽ കേരളത്തിലാകട്ടെ ഈ വെട്ടികുറവുകളൊന്നും ബാധിക്കാതിരിക്കാൻ സംസ്ഥാന ബജറ്റിൽ അധിക പണം വകയിരുത്തി പദ്ധതികൾ തുടരുകയാണ്. അയ്യങ്കാളിയുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾ വളരെ ആത്മാർത്ഥതയോടെ ഈ സർക്കാർ സാക്ഷാത്കരിക്കുകയാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും പട്ടിക വിഭാഗക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുകയാണ്. ജോലിക്ക് കൂലി ചോദിച്ച ദലിതനെ തല്ലിക്കൊല്ലുന്നു, തൊഴിലാളിയെ തല്ലി ചതച്ച് തൂണിൽ കെട്ടിയിട്ട് തലയിൽ മൂത്രമൊഴിക്കുന്നു. ദലിത് പെൺകുട്ടികളെ ബലാസംഗം ചെയ്ത് കൊന്ന് കെട്ടിത്തൂക്കുന്നു. ഏറ്റവും ഒടുവിൽ പട്ടികവിഭാഗ സംവരണവും അട്ടിമറിച്ച് 45 സെക്രട്ടറി തസ്തികകളിൽ തങ്ങളുടെ താൽപര്യ സംരക്ഷകരെ കുത്തി നിറയ്ക്കാനും ശ്രമിച്ചു. രാജ്യത്തെ ദളിത്-ആദിവാസി സംഘടനകളുടെയും, ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെയും ഒറ്റക്കെട്ടായ പ്രതിഷേധത്തെത്തുടർന്നാണ് ഈ നീക്കം പിൻവലിക്കേണ്ടി വന്നത്.

കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ പുതുപാത വെട്ടിത്തെളിച്ച യുഗപ്രഭാവനാണ് അയ്യൻകാളി. അദ്ദേഹം കാണിച്ച ധീരതയും, സഹനവും നവകേരളത്തിലേക്ക് അതിവേഗം ചുവടു വെയ്ക്കുന്ന ഈ സർക്കാരിന് തീർച്ചയായും വഴികാട്ടുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളുടെ വികസനം ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ സാമൂഹ മുഖ്യധാരയിലേക്ക് അവരെ കൂടുതൽ ചേർത്തു നിർത്തുന്നതിൽ വിപ്ലവകരമായ പങ്കാണ് വഹിക്കുന്നത്.

അനാചാരങ്ങളെയും, അന്ധവിശ്വാസങ്ങളെയും ജാതിമത ചിന്തകളെയുമൊക്കെ തിരിച്ചുകൊണ്ടു വന്ന് മലയാളി മനസ്സിനെ ഭിന്നിപ്പിച്ച് പിന്നോട്ടടിപ്പിക്കാൻ ചില ശക്തികൾ ബോധപൂർവ്വമായ ശ്രമം നടത്തുകയാണ്. ഇക്കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കി അയ്യൻകാളിയടക്കമുള്ള നവോത്ഥാന നായകർ പകർന്നു നൽകിയ മതേതര ദർശനങ്ങൾ ഉൾക്കൊണ്ട് മുന്നേറാൻ നമുക്കാകണം. മഹാത്മ അയ്യൻകാളി ജയന്തിയുടെ സമകാലിക പ്രസക്തിയും അതുതന്നെയാണ്. ■



# പട്ടികവിഭാഗങ്ങളുടെ ജീവിതം സുരക്ഷിതമാക്കാൻ മികവുറ്റ ആരോഗ്യ പദ്ധതികൾ

കേരളത്തിലെ പട്ടികവിഭാഗം ജനങ്ങളുടെ പുരോഗതിക്കായി സംസ്ഥാന സർക്കാർ പ്രധാന പരിഗണന നൽകുന്ന വിഷയങ്ങളിൽ വീട്, വഴി, വൈദ്യുതി, കുടിവെള്ളം എന്നിവയാണ്. ഇതിനൊപ്പം ആരോഗ്യമേഖലയിലെ ഇടപെടലുകളും സജീവമാകുമ്പോൾ കേരള സമൂഹത്തിലെ 10.55% വരുന്ന പട്ടികവിഭാഗം ജനങ്ങളുടെ ജീവിതം കൂടുതൽ സുരക്ഷിതമാകും. വികസന സൂചികകളിലെല്ലാം ഇന്ത്യയിൽ കേരളം ഒന്നാമതാണന്നതിന്റെ ഗുണഫലങ്ങൾ പട്ടികവിഭാഗ മേഖലകളിലുമുണ്ട്. വിദ്യാഭ്യാസത്തിനു നൽകിയ പ്രാധാന്യവും, മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ വ്യാപനവും പട്ടികവിഭാഗം വിദ്യാർത്ഥികൾക്കിടയിൽ വൻ മുന്നേറ്റമാണുണ്ടാക്കിയത്.

പട്ടിക, പിന്നാക്ക വിഭാഗത്തിലെ 717 വിദ്യാർത്ഥികളെ സ്കോളർഷിപ്പോടെ വിദേശ വിദ്യാഭ്യാസത്തിന് അയക്കാൻ സർക്കാരിനു കഴിഞ്ഞു. അതുപോലെ തന്നെയാണ് പഠനം കഴിഞ്ഞവർക്ക് സർക്കാർ മേഖലയിൽ ഹോണറേറിയത്തോടെ തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയും. ഇത്തരത്തിൽ പട്ടികജാതി - പട്ടികവർഗ ജനവിഭാഗങ്ങൾക്കായി നിരവധി വികസന ക്ഷേമ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നത്.

ആരോഗ്യ മേഖലയിൽ ഈ സർക്കാർ നടത്തുന്ന ഇടപെടലുകൾ വളരെ ശ്രദ്ധേയമാണ്. പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രി, പരാമെഡിക്കൽ സ്ഥാപനങ്ങൾ, സഞ്ചരിക്കുന്ന മെഡിക്കൽയൂണിറ്റുകൾ, ഒ.പി. ക്ലിനിക്കുകൾ, ഹോമിയോ ആശുപത്രികൾ,ആയുർവേദ ആശുപത്രി തുടങ്ങി അട്ടപ്പാടിയിലെ കുടുംബ ഡോക്ടർ പദ്ധതികൾ വരെ അരികുവൽക്കരിക്കപ്പെട്ട ജനങ്ങൾക്ക് തുണയാകുന്നു.

## T ഗ്രാന്റ്സ്

രോഗബാധിതരും, അത്യാഹിതങ്ങളിൽപ്പെട്ടവരുമായ പട്ടികവിഭാഗക്കാർക്ക് പ്രത്യേക ചികിത്സാ ധനസഹായം (ട്രീന്റ്മെന്റ് ഗ്രാന്റ്സ്) നൽകി വരുന്നുണ്ട്.ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്കാണ് സഹായം നൽകുക. ഹൃദയ ശസ്ത്രക്രിയ, കാൻസർ, കിഡ്നി രോഗ ങ്ങൾ തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ ടി ഗ്രാന്റ്സ് നൽകും.

ജാതി സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ആധാർ കാർഡ് പകർപ്പ്, റേഷൻകാർഡ് പകർപ്പ്, അക്കൗണ്ട് നമ്പർ, വ്യക്തമായി തിരിച്ചറിയുന്ന ബാങ്ക് പാസ്ബുക്ക് പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെയോ, അല്ലാതെയോ T ഗ്രാന്റ്സ് പോർട്ടലിൽ [tgrants. kerala.gov.in] സൗജന്യ മായി അപേക്ഷിക്കാം.

തുടർന്ന് അപേക്ഷയുടെ പ്രിന്റും സർട്ടിഫിക്കറ്റുകളും ബന്ധപ്പെട്ട് ബ്ലോക്ക്, മുനി സിപ്പൽ, കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.

## സമഗ്ര ആരോഗ്യപദ്ധതി

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് കാസ്പ പുമായി (കാരുണ്യ ആരോ

ഗ്യ സുരക്ഷാ പദ്ധതി) ചേർന്ന് പദ്ധതി തയ്യാറാക്കും. നിലവിൽ പട്ടികവർഗ വികസന വകുപ്പിന്റെ ധന സഹായത്തോടെ ആരോഗ്യ വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതിയുണ്ട്. സംസ്ഥാനത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും, സർക്കാർ മെഡിക്കൽ കോളേജുകളിലും, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, റീജിയണൽ കാൻസർ സെന്റർ തിരുവനന്തപുരം, ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിൽ ചികിത്സയ്ക്കെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നു. രോഗിക്കും, കൂട്ടിരിപ്പുകാർക്കും ഭക്ഷണത്തിനും ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്.

ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സാ ചെലവ് (മരുന്ന് വാങ്ങാൻ, മെഡിക്കൽ ടെസ്റ്റ് തുടങ്ങിയവ 10,000 രൂപ വരെ ബി.പി.എൽ/എ.പി.എൽ അന്തരമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നു. 10,000 രൂപയ്ക്ക് മുകളിൽ ചികിത്സാ ചെലവ് വരുന്ന കേസുകൾ പട്ടികവർഗ്ഗക്കാരിൽ ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. വ്യക്തിഗത കേസുകൾ 10,00 രൂപ വരെ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടും 50,000 രൂപ വരെ ആശുപത്രി വികസന സമിതിയും 50,000 രൂപയ്ക്ക് മുകളിൽ ചെലവു വരുന്ന കേസുകളിൽ പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ ആശുപത്രി അധികൃതർ ധന സഹായം അനുവദിക്കുന്നതാണ്. ആവശ്യമായ ഫണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ വഴി ബന്ധപ്പെട്ട ആശുപത്രികൾക്ക് വിതരണം നടത്തുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളിൽ ബന്ധപ്പെട്ട സൂപ്രണ്ട് മാർക്ക് ഫണ്ട് അനുവദിക്കുന്നു.

## അരിവാൾ രോഗത്തിന് ധനസഹായം

വയനാട്, പാലക്കാട് കോഴിക്കോട് മലപ്പുറം ജില്ലകളിലെ പട്ടികവർഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗമാണ് അരിവാൾ രോഗം. ഇത്തരം രോഗങ്ങൾക്ക് ഒരു സാന്ത്വനമെന്നനിലയിലും അവർക്ക് അത്യാവ ശ്യം മരുന്നും മറ്റു ജീവനോപാധികളും വാങ്ങുന്നതിനുമായി പ്രതിമാസം 2,500 രൂപ വീതം ധനസഹായം നൽകി വരുന്നു. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴിയാണ് തുക നൽകുന്നത്.

## ജനനീ ജന്മരക്ഷ

അമ്മമാരുടെയും നവജാതശിശുക്കളുടെയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്താൻ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജനനി - ജന്മരക്ഷ. ഗർഭിണിയായതിനുശേഷമുള്ള 3-ാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സാകുന്നതുവരെയുള്ള 18 മാസക്കാലം 2,000 രൂപ വീതം ഓരോ മാസത്തിലും ഈ പദ്ധതി വഴി നൽകി വരുന്നു. തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.

## പട്ടികവർഗ ദുരിതാശ്വാസ നിധി

പട്ടികവർഗ സങ്കേതങ്ങളിലുള്ള രോഗികൾക്കും മറ്റു ദുരിതം അനുഭവിക്കുന്നവർക്കും ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബ വാർഷികവരുമാനം 1,00,000 രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗചികിത്സയ്ക്ക് 1 ലക്ഷം രൂപ വരെയും, മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000 രൂപ വരെയും ധനസഹായം ഈ പദ്ധതി മുഖേന അനുവദിക്കാവുന്നതാണ്. അടുത്തുതന്നെ ഈ പദ്ധതിയും ഓൺലൈനിലൂടെ അപേക്ഷിക്കാൻ സൗകര്യമാകും.

## ഏകവരുമാന ദായകന് 2 ലക്ഷം വരെ സഹായം

കുടുംബത്തിന്റെ ഏക വരുമാനദായകന് അപകടമരണം സംഭവിച്ചാൽ ടിയാന്റെ/ടിയാളുടെ കുടുംബത്തിന് നിബന്ധനകൾക്ക് വിധേയമായി 2,00,000 രൂപ വരെ ഈ പദ്ധതിവഴി അനുവദിക്കാവുന്നതാണ് . അസുഖങ്ങളെകൊണ്ട് കഷ്ടപ്പെടുന്ന പട്ടികവർഗക്കാർക്ക് 1 ലക്ഷം രൂപ വരെ ഡോക്ടറുടെ ശുപാർശയിന്മേൽ സർക്കാർ ഉത്തരവ് പ്രകാരം ധന സഹായം നൽകിവരുന്നു.

കൂടാതെ പ്രകൃതിക്ഷോഭം തീപിടുത്തം മുതലായവ മൂലം വീടും വസ്തുവകകൾക്കും നാ ശനഷ്ടം ഉണ്ടാകുന്ന പട്ടികവർഗ്ഗക്കാർക്ക് 50,000 രൂപ വീതം നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നു.

മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുവാനുള്ള സഹായം, ഡോക്ടറുടെ നിർദേശപ്രകാരം പോഷകമൂല്യമുള്ള ആഹാരം ലഭ്യമാക്കൽ, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കൽ, ആകസ്മിക മരണങ്ങൾ സംഭവിക്കുന്ന വർഷം പോസ്റ്റുമോർട്ടത്തിന് ആവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ/ അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സഹായ നിധി തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ.

## സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ

പട്ടികവർഗ മേഖലകളിൽ കണ്ടുവരുന്ന പാരമ്പര്യ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ചവ്യാധികൾ, വിളർച്ച എന്നിവ നിയന്ത്രിക്കുന്നതിനും ഗർഭിണികളായ സ്ത്രീകൾക്ക് വിദഗ്ധ പരിശോധന സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും ശിശുമരണ നിരക്ക് കുറക്കുന്നതിനും ഡോക്ടർ,പാരാമെഡിക്കൽ സ്റ്റാഫ്,ആധുനിക സൗകര്യങ്ങൾ അടങ്ങിയ ജി.പി.എസ് ഘടിപ്പിച്ച 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനുമായി സഹകരിച്ച് ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾ ഒഴികെ മറ്റ് എല്ലാ ജില്ലകളിലും പ്രവർത്തനം സജ്ജമാക്കി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

## ഒ.പി. ക്ലിനിക്കുകൾ

മാനന്തവാടി, ഇടുക്കി, അട്ടപ്പാടി, ചാലക്കുടി എന്നീ പ്രദേശങ്ങളിലെ പട്ടികവർഗക്കാർക്കിടയിൽ സാധാരണ ഉണ്ടാകുന്ന ക്ഷയം, കുഷ്ഠം, ത്വക്ക് രോഗങ്ങൾ, സിക്കിൾസെൽ അനീമിയ എന്നിവ ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനായി 1989-90 ൽ ആരംഭിച്ചതാണ് ഈ പദ്ധതി.

നിലവിൽ അട്ടപ്പാടിയിൽ 2 ഒ.പി. ക്ലിനിക്കുകളും, ഇടുക്കിയിൽ 2 ഒ.പി. ക്ലിനിക്കുകളും, ചാലക്കുടി പട്ടികവർഗ വികസന ഓഫീസറു ടെ കീഴിൽ ഒരു ഒ.പി. ക്ലിനിക്കും പ്രവർത്തിക്കുന്നു.

## മിഡ് വൈഫറി സെന്റർ

വയനാട് ജില്ലയിൽ മൂന്ന് സെന്ററുകളും കൊല്ലം ജില്ലയിൽ ഒരു സെന്ററും പ്രവർത്തിക്കുന്നു.

## ആയുർവേദ ആശുപത്രി

കണ്ണൂർ ജില്ലയിലെ മൂന്ന് സെന്ററുകളും, കൊല്ലം ജില്ലയിൽ ഒരു സെന്ററും പ്രവർത്തിക്കുന്നു.

## ആയുർവേദ ഡിസ്പെൻസറികൾ

തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളി ലായി 17 ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നു.

## പാലക്കാട് മെഡിക്കൽ കോളേജ്

പട്ടികജാതി വികസനത്തിന്റെ ഭാഗമായി രാജ്യത്തിലാദ്യമായി ആരംഭിച്ച് മെഡിക്കൽ കോളേജാണിത്. വിദ്യാർത്ഥി പ്രവേശനത്തിന്റെ 70% പട്ടികജാതി, 2% പട്ടികവർഗം എന്നിങ്ങനെ സീറ്റ് സംവരണം ലഭിക്കും.

2014 ൽ പാലക്കാട് ജില്ലാ ആശുപത്രിയോട് ചേർന്ന് പ്രവർത്തനം ആരംഭിച്ച മെഡിക്കൽ കോളേജിന്റെ പ്രധാന നിർമ്മാണ പ്രവൃത്തികൾക്ക് 2017 ലാണ് ടെൻഡർ ഉറപ്പിച്ചത്. അശുപത്രി ബ്ലോക്ക്, ഓപ്പറേഷൻ ബ്ലോക്ക്, വാർഡ് ബ്ലോക്ക് തുടങ്ങിയവയായിരുന്നു പ്രവൃത്തികൾ. 2021 ഒ പിബ്ലോക്ക് പൂർത്തിയാക്കി ചികിത്സ ആരംഭിച്ചു.

കുറച്ച് നിർമ്മാണ പ്രവർത്തനങ്ങൾ കൂടി പൂർത്തീകരിക്കുന്നതോടെ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പൂർണ്ണ സജ്ജമാകും. ആരോഗ്യവകുപ്പിന്റെ അധീനതയിൽ ഒരു നഴ്സിംഗ് കോളേജും ഇവിടെ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ പി.ജി. ക്ലാസുകളും ആരംഭിച്ചു. രണ്ടാം പിണറായി സർക്കാർ അധികാരത്തിലെത്തിയ ശേഷം കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 231 കോടി രൂപ ചെലവിട്ടിട്ടുണ്ട്

*(ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷാഫോമിന്റെ മാതൃക അടുത്ത പേജിൽ കൊടുത്തിട്ടുണ്ട്.)*

## പട്ടികജാതി വികസന വകുപ്പ്

**പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും ഉള്ള ധനസഹായത്തിനുള്ള അപേക്ഷ.**

1. അപേക്ഷകന്റെ പേര്, വയസ്സ് :
2. ഇപ്പോഴത്തെ പൂർണ്ണമായ മേൽവിലാസം :
3. ജാതി (തഹസീൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം) :
4. കുടുംബ വാർഷിക വരുമാനം (വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം) :
5. അപേക്ഷകന്റെ തൊഴിൽ :
6. അസുഖത്തിന്റെ പേര് / അത്യാഹിതത്തിന്റെ പേര് :
7. എന്നുമുതൽ ചികിത്സയിലാണ് ? ഇനി എത്രകാലം ചികിത്സ വേണ്ടിവരും ? :
8. ചികിത്സയ്ക്ക് നാളിതുവരെ എത്ര രൂപ ചെലവായി? ഇനിയും എത്രരൂപ മുടക്കേണ്ടി വരും ? :
9. ഏത് ആശുപത്രിയിലാണ് ചികിത്സ ? :
10. ചികിത്സിക്കുന്ന ഗവ. ഡോക്ടറിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ ? ആയത് പ്രകാരം ചികിത്സ എത്ര രൂപയാണ് ? :
11. ചികിത്സ ആവശ്യമായി വന്നത് അപേക്ഷിക്കുന്ന വ്യക്തിക്കല്ലെങ്കിൽ ആർക്കുവേണ്ടിയാണ് അപേക്ഷിക്കുന്നത് ? ആ വ്യക്തിയുമായുള്ള ബന്ധം :
12. ഇതേ ആവശ്യത്തിന് മുമ്പ് ഏതെങ്കിലും വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ? :
13. എങ്കിൽ ഏത് വകുപ്പിൽ നിന്ന് എത്ര രൂപ ? :

### സത്യപ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി :

അപേക്ഷകന്റെ ഒപ്പ് :
പേര്

### പട്ടികജാതി വികസന ഓഫീസറുടെ അഭിപ്രായം

(ബ്ലോക്ക് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ)

---

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ :-**

1. ജാതി സർട്ടിഫിക്കറ്റ് (3 വർഷം), 2. മെഡിക്കൽ സർട്ടിഫിക്കറ്റ്, 3. വരുമാന സർട്ടിഫിക്കറ്റ് (6 മാസം കലായളവ്, വരുമാനപരിധി 1 ലക്ഷം)
ാർ കാർഡ്, 5. ബാങ്ക് പാസ് ബുക്ക് (പകർപ്പ്) – അക്കൗണ്ട് നമ്പർ, 6. റേഷൻ കാർഡിന്റെ പകർപ്പ്, 7. MLA/MP ശുപാർശയുണ്ടെങ്കിൽ ആ കത്ത് (അസ്സൽ)

Scanned with OKEN Scanner

## MEDICAL CERTIFICATE FOR AVAILING FINANCIAL ASSISTANCE FOR TREATMENT

(To be issued by the head of the hospital where the patient undergone treatment

1. Name and Address of the patient :
2. Order No : with date of Registration / Admission :
3. Description of disease :
4. Treatment recommended :
5. Expenditure already incurred, if any :
6. Anticipated Expenditure of the treatment Undergoing / recommend :
7. Remarks :

*Signature and name of the*
*Issuing authority and name*
*And address of the Hospital*

Date :

*(seal)*



# വയനാട് ചൂരൽമല ദുരന്തം

# അതിജീവനത്തിന്റെ അടയാളങ്ങൾ

**2024** ജൂലൈ 30 രാത്രി 1.30 ന് വയനാടിനേയും കേരള സംസ്ഥാനത്തേയും നമ്മുടെ രാജ്യത്തെ ആകമാനം ദുഃഖത്തിലാഴ്ത്തിയ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തം സംഭവിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും ഹൃദയഭേദകമായ ദുരന്തം.

ആദ്യ ഉരുൾ പൊട്ടലിൽ തന്നെ പ്രദേശവാസികളും ജില്ലാ-സംസ്ഥാന ഭണകൂടവും പ്രദേശത്തേക്ക് എത്തി ചേരുകയും കേന്ദ്ര - സംസ്ഥാന ഫോഴ്സുകളുടെയും പ്രദേശവാസികളുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ രക്ഷാപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. സൈന്യം നിർമ്മിച്ച ബെയിലി പാലത്തിലൂടെയും ഫയർഫോഴ്സ് നിർമ്മിച്ച സിപ് ലൈൻ പാലത്തിലൂടെയാണ് രക്ഷാപ്രവർത്തനങ്ങൾ നടത്തിയത്. രക്ഷാപ്രവർത്തനത്തിന് കേന്ദ്ര - സംസ്ഥാന സേന വിഭാഗത്തിലെ 1800 ൽ അധികം പേർ ദുരന്ത ബാധിത പ്രദേശത്തെത്തി. എൻ ഡി ആർ എഫ് , മദ്രാസ് എഞ്ചിനീയറിംഗ് ഗ്രൂപ്പ് (ഇ എം ജി), പ്രതിരോധ സുരക്ഷ സേന (ഡി എസ് സി), നാവികസേന, ഫയർ ആന്റ് റസ്ക്യൂ, കേരള പോലീസ് മറ്റുള്ള സേനകൾ, ഫോറസ്റ്റ്, ഫയർ ഫോഴ്സ്, വാളണ്ടിയേഴ്സ് രാഷ്ട്രീയ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ, പ്രദേശവാസികൾ എന്നിവർ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി. ദുരന്തത്തിൽ 145 വീടുകൾ തകരുകയും 170 വീടുകൾ ഭാഗികമായും 183 വീടുകൾ പൂർണ്ണമായും നഷ്ടപ്പെടുകയുമുണ്ടായി.

17 ക്യാമ്പുകളിലായി ആയിരക്കണക്കിന് കുടുംബങ്ങളെ മാറ്റി പാർപ്പിച്ച് സുരക്ഷിതത്വം ഉറപ്പാക്കാനും സാധിച്ചു എന്നത് ഈ രക്ഷാ പ്രവർത്തനത്തിന്റെ ഭാഗമാണ്. ദുരന്തത്തിലകപ്പെട്ടവർക്ക് കൃത്യമായ ആരോഗ്യപരിരക്ഷ ഒരുക്കുന്നതിന് ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ സേവനത്തോടൊപ്പം പട്ടികജാതി വികസന വകുപ്പിന്റെ പാലക്കാട് മെഡിക്കൽ കോളേജിന്റെ സേവനവും സ്മരണീയമാണ്.

231 മൃതദേഹങ്ങൾ, 218 ശരീരഭാഗങ്ങൾ എന്നിവ ദുരന്തബാധിത പ്രദേശത്തു നിന്നും, കിലോമീറ്ററുകൾ അകലെ മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ ചാലിയാർ പുഴയുടെ ഭാഗത്തു നിന്നും കണ്ടെത്തി. 17 കുടുംബങ്ങളിലെ 58 പേർ തീർത്തും നാമാവശേഷമായി. 21 ആളുകൾ അനാഥരായി. ഇതിൽ 6 കുട്ടികളും ഉൾപ്പെടുന്നു. 176 മൃതദേഹങ്ങളും 2 ശരീരഭാഗങ്ങളും തിരിച്ചറിഞ്ഞു. തിരിച്ചറിഞ്ഞ മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറി. തിരിച്ചറിയാൻ സാധിക്കാത്ത 53 മൃതദേഹങ്ങളും 208 ശരീരഭാഗങ്ങളും മന്ത്രിമാർ, ജില്ലാകളക്ടർ, രാഷ്ട്രീയപ്രവർത്തകർ, വിവധ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖർ എന്നിവരുടെ സാന്നിധ്യത്തിൽ സർവ്വമത പ്രാർത്ഥനകളോടെയും ഔപചാരിക ബഹുമതികളോടെയും



*മുഖ്യമന്ത്രി പിണറായി വിജയൻ ദുരന്തമുഖത്ത്. കൂടെ മന്ത്രി മാരായ മുഹമ്മദ് റിയാസ്, റോഷി അഗസ്ത്യൻ, കെ രാജൻ*

പുത്തുമല പ്രദേശത്ത് പൊതു ശ്മശാനം ഒരുക്കി സംസ്കരിച്ചു. തിരിച്ചറിയാൻ സാധിക്കാത്തവ തിരിച്ചറിയുന്നതിന് 427 ഡി എൻ എ സാമ്പിളുകൾ ശേഖരിച്ചു. അതിൽ 48 ആളുകളെ തിരിച്ചറിഞ്ഞു. 71 ആളുകൾ നിലവിൽ കാണാമറയത്താണ്. ഇതു കൂടാതെ 7 ശരീരഭാഗങ്ങൾ ഫോറൻസികിന് മനുഷ്യ ശരീര ഭാഗമാണെന്ന് ഉറപ്പു വരുത്തുന്നതിനായി കൈമാറി.

സംസ്ഥാന സർക്കാർ നാലംഗ മന്ത്രിതല ഉപ സമിതി രൂപീകരിക്കുകയും ഒരു മാസത്തോളം വയനാട് ജില്ലയിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുകയും ചെയ്തു. അതോടൊപ്പം പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും സംസ്ഥാന മന്ത്രിമാരും നേരിട്ട് ചൂരൽമല സന്ദർശിക്കുകയും നിരന്തരമായി സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സന്നദ്ധ സംഘടനകളും സ്ഥാപന മേധാവികളും വ്യക്തികളും മുഖ്യമന്ത്രിയുടെ CMDRF ലേക്ക് ഏകദേശം 300 കോടി രൂപയോളം ഇതിനോടകം സംഭാവന നൽകുകയും ചെയ്തിട്ടുണ്ട്.

ദുരന്ത ബാധിതരായ 738 കുടുംബങ്ങളെ വാടക വീടുകളിലേക്ക് മാറ്റി താമസിപ്പിക്കുകയും ഇവർക്ക് 10000 രൂപയും മൂന്ന് മാസകാലയളവിലേക്ക് കുടുംബത്തിലെ രണ്ടംഗങ്ങൾക്ക് 300 രൂപയും ഭക്ഷണ കിറ്റും നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു.

ദുരന്തത്തിൽ അകപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളുന്നതിന് കേരള ബാങ്കും, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനും, പട്ടികാതി പട്ടികവർഗ വികസന കോർപ്പറേഷനും തീരുമാനിച്ചു. ഇതിനു പുറമേ ദുരന്ത ബാധിത പ്രദേശങ്ങളിലെ വായ്പകളിലുള്ള റവന്യു റിക്കവറിക്കും സർക്കാർ മോറട്ടോറിയം പ്രഖ്യാപിച്ചു. ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബാംഗങ്ങൾക്ക് ഒരു ടൗൺഷിപ്പ് തന്നെ നിർമ്മിച്ച് പുനരധിവസിപ്പിക്കാനുള്ള നടപടിയാണ് ഇതോടൊപ്പം തന്നെ തോട്ടം തൊഴിലാളികളുടെ ജോലിയും ഉറപ്പ് വരുത്താനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

ദുരന്ത ബാധിത മേഖലയിൽ സ്ഥിതി ചെയ്തിരുന്ന ജി വി എച്ച് എസ്എസ് വെള്ളാർമല, ജി എൽ പി എസ് മുണ്ടക്കൈ എന്നീ സ്ക്കൂളുകൾ ഉരുൾ പൊട്ടലിൽ പൂർണ്ണമായും തകർന്നു. ആകെ 639 വിദ്യാർത്ഥികളാണ് ഇവിടെ പഠിച്ചിരുന്നത്. ജി വി എച്ച് എസ്എസ് വെള്ളാർമലയിലെ കുട്ടികളെ ജി എച്ച് എസ് എസ് മേപ്പാടി സ്ക്കൂളിലും, ജി എൽ പി എസ് മുണ്ടക്കൈ സ്ക്കുളിലെ കുട്ടികളെ മേപ്പാടി ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള എ പി ജെ ഹാളിലും തുടർ പഠനത്തിനായി സൗകര്യം ഒരുക്കി.



*മന്ത്രി ഒ ആർ കേളു ദുരന്തമുഖത്ത് രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു*

ആകെ ദുരിതബാധിതരായ കുടുംബങ്ങളിൽ 691 കടുംബങ്ങളെ ബന്ധു വീടുകളിലേക്കും സ്വമേധയാ കണ്ടെത്തിയ വാടക വീടുകളിലേക്കും സർക്കാർ ക്വാർട്ടേഴ്സുകളിലേക്കും സർക്കാർ കണ്ടെത്തിയ വാടക വീടുകളിലേക്കും മാറ്റി പാർപ്പിച്ചു. മേപ്പാടി പഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ ഉൾപ്പെടുന്ന കെഎസ്ഇബിയുടെ ചൂരൽമല എക്സ്ചേഞ്ച്, ചൂരൽമല ടവർ, മുണ്ടക്കൈ, കെകെ നായർ, അംബേദ്കർ നഗർ അട്ടമല, അട്ടമല പമ്പ് എന്നീ ട്രാൻസ്ഫോർമറുകളിൽ ഉൾപ്പെടുന്ന ഉപഭോക്താക്കളിൽ നിന്നും അടുത്ത ആറുമാസം സൗജന്യമായി വൈദ്യുതി വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ഉപഭോക്താക്കൾക്ക് നിലവിൽ വൈദ്യുതി ചാർജ് കുടിശ്ശിക ഉണ്ടെങ്കിൽ അത് ഈടാക്കാൻ നടപടി സ്വീകരിക്കരുതെന്നും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉരുൾപൊട്ടലിൽ നശിച്ച രണ്ട് പൊതുവിതരണ കേന്ദ്രങ്ങൾ പിറ്റേദിവസം മുതൽ പുന: സ്ഥാപിച്ചു. റേഷൻ കാർഡ് നഷ്ടപ്പെട്ട 177 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകുകയും സൗജന്യമായി പ്രദേശ വാസികൾക്ക് റേഷൻ വിതരണം നടത്തുകയും ചെയ്തു. 378 പേർക്ക് സൗജന്യ ഗ്യാസ് കണക്ഷൻ, സിലിണ്ടർ നഷ്ടപ്പെട്ടവർക്ക് സിലിണ്ടറും അനുവദിച്ചു.

രക്ഷാപ്രവർത്തനങ്ങളിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയും അഭിനന്ദനാർഹമായ പങ്കാളിത്തം വഹിച്ചു. ഹെലിപാഡ് നിർമ്മിച്ചും ബെയിലി പാലത്തിന്റെ നിർമ്മാണത്തിൽ സഹകരിച്ചും സൈന്യവും പോലീസുമുൾപ്പെടെയുള്ള രക്ഷാസേനയ്ക്ക് ആവശ്യമായ സൗകര്യമൊരുക്കിയും രക്ഷാപ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തും മാതൃകാപരമായ സേവനമാണ് ഊരാളുങ്കൽ സൊസൈറ്റി നടത്തിയത്.

ഒരു വലിയ ജനവാസ മേഖലയാണ് മറഞ്ഞു പോയത്. അതിനു പകരം കൂടുതൽ സുരക്ഷിതമായ മറ്റൊരു പ്രദേശം കണ്ടത്തി അവിടെ ഒരു ടൗൺഷിപ്പ് തന്നെ നിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഏറ്റവും മാതൃകാപരമായ രീതിയിൽ ഈ പുനരധിവാസ പദ്ധതി അതിവേഗം പൂർത്തിയാക്കാൻ ലഭ്യമായ എല്ലാ സൗകര്യങ്ങളുമുപയോഗിച്ച് പ്രവർത്തിക്കും. ദുരന്തബാധിത ചൂരൽമലയിൽ നഷ്ടമായ വീടുകൾക്ക് പകരമായി പുതിയ വീടുകൾ നിർമിച്ചു നൽകാൻ ധാരാളം പേർ മുന്നോട്ടുവന്നിരിക്കുകയാണ്.

# STAND WITH WAYANAD

## വയാനാടിനൊരു കൈത്താങ്ങ്




പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ ചെയർമാൻ യു ആർ പ്രദീപ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 20 ലക്ഷം രൂപ ധനമന്ത്രി കെ എൻ ബാലഗോപാലിന് കൈമാറുന്നു. മന്ത്രിമാരായ എം ബി രാജേഷ്, ഒ ആർ കേളു എന്നിവർ സമീപം



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ 10 ലക്ഷം രൂപ ചെയർമാർ ജാസിഗിഫ്റ്റ് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു



മുഖ്യമന്ത്രിയുടെ ദുരിതാ ശ്വാസ നിധിയിലേക്ക് സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷന്റെ ഒരു കോടി രൂപ ചെയർമാർ കെ പ്രസാദ് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു




# ദുരന്തമുഖത്ത് ആശ്വാസമേകി പാലക്കാട് മെഡിക്കൽ കോളേജ്



ഉരുൾപൊട്ടലിൽ തകർന്ന വയനാട് മുണ്ടക്കൈയിലെയും ചൂരൽമലയിലെലും ജനങ്ങളുടെ മുറിവുണക്കാൻ പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രി സംഘം എത്തി.
പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജിലെ സംഘത്തെ മന്ത്രി ഒ ആർ കേളുവാണ് വയനാട്ടിലേക്ക് വിളിച്ചുവരുത്തിയത്.

കൽപ്പറ്റയിലെ താൽക്കാലിക ആശുപത്രി കേന്ദ്രീകരിച്ചാണ് മുഖ്യമായും പ്രവർത്തിച്ചത്. ഇതിനിടെ മൊബൈൽ ക്യാമ്പുകളിലും അട്ടമല ദുരിതാശ്വാസ ക്യാമ്പിലും ചികിൽസ നയിച്ചു.

കണിയാമ്പറ്റ എം ആർ എസിൽ നടത്തിയ പ്ര ത്യേക ക്യാമ്പിൽ 700 ലേറെ വിദ്യാർത്ഥികളെ പ രിശോധിച്ചു. പൂക്കോട് എം ആർ എസിലെ കുട്ടികളും ക്യാമ്പിനെത്തിയിരുന്നു. അസോ. പ്രഫസർ കെ കെ എബിമോന്റെ നേ തൃത്വത്തിൽ ഡോക്ടർമാരായ കെ എസ് ജയകൃഷ്ണൻ, ശ്രീറാം, ഹരി, ഫവാസ്, സിന്ധു എന്നിവരും 9 ഹൗസ് സർജൻമാരും 7 നഴ്സുമാരും 2 നഴ്സിങ്ങ് അസിസ്റ്റന്റുമാരും സംഘത്തിലുണ്ടായിരുന്നു. ആവശ്യമായ മരുന്നും മൈനർ ശസ്ത്രക്രിയ സംവിധാനങ്ങളുമായാണ് സംഘമെത്തിയത്.

# STAND WITH WAYANAD




## വായ്പകൾ എഴുതിത്തള്ളി

വയനാട് ദുരന്ത പശ്ചാത്തലത്തിൽ ദുരന്തബാധിത പ്രദേശത്തെ പട്ടിക ജാതി പട്ടിക വർഗവികസന കോർപ്പറേഷനൽനിന്നും വായ്പയെടുത്തവരുടെ കടങ്ങൾ എഴുതിത്തള്ളി.

ദുരന്തത്തിനിരയായവരുടെ വായ്പാകാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ മന്ത്രി ഒ ആർ കേളു നിർദ്ദേശിച്ചതിനെത്തുടർന്നാണ് ഇത്തരമൊരു നടപടി.





*നവജീവൻ, ജീവാമൃതം പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി ഒ ആർ കേളു നിർവ്വഹിക്കുന്നു. മന്ത്രി വി എൻ വാസവൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ തുടങ്ങിയവർ സമീപം*

# വായ്പാഭാരം കുറയ്ക്കാൻ നവജീവൻ, ജീവാമൃതം

## പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന് പുതുപദ്ധതികൾ

സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിതവിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പുതിയ വായ്പാ ആശ്വാസ പദ്ധതികളായ നവജീവൻ, ജീവാമൃതം എന്നിവയുടെ സംസ്ഥാനതല പ്രഖ്യാപനവും വിവിധ ആനുകൂല്യവിതരണവും കോട്ടയം ദർശന കൾച്ചറൽ സെന്റർ ഓഡിറ്റോറിയത്തിൽ മന്ത്രി ഒ ആർ കേളു നിർവ്വഹിച്ചു. ചടങ്ങിൽ മന്ത്രി വി.എൻ. വാസവൻ അദ്ധ്യക്ഷത വഹിച്ചു.

തിരിച്ചടവിൽ കുടിശ്ശിക വരുത്തിയവർക്ക് ഇളവുകൾ നൽകിക്കൊണ്ട് വായ്പകൾ പുനഃക്രമീകരിക്കാനും റവന്യൂ റിക്കവറി നടപടികൾ നേരിടുന്നവർക്ക് ഇളവുകൾ നൽകാനുമുള്ള പദ്ധതികളാണ് നവജീവൻ, ജീവാമൃതം എന്നിവ.

കോർപ്പറേഷനിൽ നിന്നു വായ്പയെടുത്ത് തുക തിരിച്ചടയ്ക്കാൻ മാർഗമില്ലാതെ നിൽക്കുന്നവർക്ക് അവരുടെ പിഴപ്പലിശയും സർവീസ് ചാർജും അതിൽ വരുന്ന മറ്റു പലിശകളും ഒഴിവാക്കി, 45 ദിവസത്തിനുള്ളിൽ മൂന്നു ഗഡുക്കളാക്കി അടയ്ക്കാനാവും.

തൊഴിലധിഷ്ഠിത പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ്/ സ്റ്റൈപന്റ് വിതരണം, എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി, പി.ജി./പ്രൊഫഷണൽ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് നല്കി വരുന്ന വിദ്യാഭ്യാസ പ്രോത്സാഹനസമ്മാനം, മെഡിക്കൽ/ എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം എന്നിവയ്ക്കുള്ള അപേക്ഷകൾ ചടങ്ങിൽ സ്വീകരിച്ചു




*തദ്ദേശിയ ജനതയുടെ അന്തർദേശീയ ദിനാഘോഷം മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്യുന്നു*

# തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനം ആചരിച്ചു

**'പ്രകൃതി സംരക്ഷണത്തിലൂടെ തദ്ദേശ ജനതയെയും ആവാസ വ്യവസ്ഥയെയും സംരക്ഷിക്കുക'**

വികസന വഴികളിൽ ഒറ്റപ്പെടാതെ ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിലൂടെ എല്ലാ തദ്ദേശീയരെയും കൈപിടിച്ചുയർത്തുന്നതിനാണ് ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ എല്ലാവർഷവും ആഗസ്ത് 9 തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനമായി ലോകമെങ്ങും ആചരിക്കുന്നത്.

1994 മുതൽ യു എൻ സംഘടിപ്പിക്കുന്ന ദിനാചരണത്തിൽ ഈ വർഷത്തെ സന്ദേശം വളരെ കാലികവുമാണെന്നും പ്രകൃതിയും ആവാസ വ്യവസ്ഥയും വലിയ വെല്ലുവിളി നേരിടുന്ന ഈ കാലഘട്ടത്തിൽ മാനവരാശിയുടെ നിലനിൽപ്പിനായി പരിസ്ഥിതിയെ സംരക്ഷിക്കാൻ തദ്ദേശ ജനതയോടൊപ്പം ലോകവും കൈകോർക്കേണ്ടതുണ്ടെന്നും മന്ത്രി ഒ ആർ കേളു പറഞ്ഞു. തിരുവനന്തപുരം ഞാറനീലി കമ്യൂണിറ്റി സ്റ്റഡി സെന്ററിൽ നടന്ന തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം തദ്ദേശീയജനത അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ മറികടക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പൊതുസമൂഹത്തിനൊപ്പം തന്നെ തദ്ദേശീയ ജനവിഭാഗത്തെയും ചേർത്തുനിർത്തു ന്നതിനും കേരളം നടത്തുന്ന പരിശ്രമങ്ങൾ ഇന്ത്യക്ക് തന്നെ മാതൃകയാണ്.

പട്ടികജാതി-പട്ടികവർഗ വികസന വകുപ്പു മന്ത്രി




## വികസനത്തിന്റെ ഗുണഫലങ്ങൾ തദ്ദേശീയ ജനതയിലേക്ക് എത്തിക്കുക സർക്കാർ ലക്ഷ്യം
## മുഖ്യമന്ത്രി പിണറായി വിജയൻ

ഒ.ആർ കേളു നിർവഹിച്ചു. പിന്നാക്ക വിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കാൻ നിരവധി പദ്ധതികളാണ് സർക്കാർ നടപ്പി ലാക്കുന്നതെന്നും അവ പരമാവധി പ്രയോജന പ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. ഡി. കെ മുരളി എം.എൽ.എ അധ്യക്ഷത വഹിച്ചു. വാമനപുരം ബ്ലോക്ക് പ്രസിഡന്റ് ജി. കോമളം, പെരിങ്ങമല ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കാർത്തിക സി.പി, ജില്ലാ പഞ്ചായത്ത് അംഗം സോഫി തോമസ്, പട്ടികജാതി പട്ടിക വർഗ വികസന വകുപ്പ് ഡയ റക്ടർ രേണു രാജ്, പട്ടിക വർഗ ഉപദേശക സമിതി അംഗങ്ങൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

തദ്ദേശീയ ജനത അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ മറികടക്കുന്നതിനും വികസനനേട്ടങ്ങൾ അവരിൽ എത്തിക്കുന്നതിനും നിരവധി പദ്ധതികളിലൂടെ സംസ്ഥാന സർക്കാർ ക്രിയാത്മകമായി ഇടപെടുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തദ്ദേശീയ ജന തയുടെ അന്തർദേശീയ ദിനാഘോഷത്തിന്റെ ഭാഗമായി അന്തർദേശീയ ദിന സന്ദേശം ന ൽകുകയായിരുന്നു മുഖ്യമന്ത്രി.

സാമ്പത്തിക വളർച്ചയ് ക്കൊപ്പം പരിസ്ഥിതി സംരക്ഷണം കൂടി ഉറപ്പു വരുത്തി, തദ്ദേശീയ ജന തയുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്ന സുസ്ഥിര വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. തദ്ദേശീയ ജനതയുടെ സ്വച്ഛമായ ജീവിതം ഉറപ്പാക്കുന്നതിലൂടെ മാത്രമേ ലോകത്തിന്റെ ഭാവി ഭദ്രമാക്കാനാവൂ. സംസ്ഥാനത്തെ ജനസംഖ്യയുടെ 1.45 ശതമാനമുള്ള തദ്ദേശീയ ജനതയ്ക്കായി ബ ജറ്റ് വിഹിതത്തിന്റെ മൂന്ന് ശതമാനമാണ് നീക്കിവെച്ചിരിക്കുന്നത്. സർക്കാരിന്റെ കരുതൽ ഇതിലൂടെ വ്യക്തമാണ്. തദ്ദേശീയ ജനതയുടെ തൊഴിലും വിദ്യാഭ്യാസവും

ഉറപ്പുവരുത്താനുള്ള നടപിടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ വിഭാഗത്തിൽ നിന്നും 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ച നടപടി ദേശീയ, അന്തർദേശീയ തലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടു.

പട്ടികവർഗ വിഭാഗങ്ങളുടെ വികസനത്തിനായി 860 കോടി രൂപയാണ് ഇത്തവണത്തെ ബജറ്റിൽ വകയിരുത്തിയത്. വിവിധ വിദ്യാഭ്യാസ പദ്ധതികൾക്കായി 32 കോടി, എം.ആർ.എസ് അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി 57 കോടി, സ്വയം തൊഴിൽ സംരംഭങ്ങൾക്കായി 9 കോടി എന്നിങ്ങനെ നീക്കി വെച്ചു.

സ്റ്റാർട്ടപ്പുകൾക്കായി ഉന്നതി പദ്ധതി, തൊഴിലുറപ്പാക്കുന്ന കേരളാ ട്രൈബൽ പ്ലസ് പദ്ധതിക്കായി 35 കോടി, മാതൃ-ശിശു പരിചരണം ഉറപ്പാക്കുന്ന ജനനി ജന രക്ഷയ്ക്കായി 17 കോടി, പോഷകാഹാരക്കുറവ് ഇല്ലാതാക്കൻ 25 കോടി, സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതിക്കായി 32 കോടി, വീടുകളുടെ പുനരുദ്ധാരണത്തിന് 70 കോടി, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 40 കോടി, ഭൂരിഹതിരുടെ പുനരധിവാസത്തിനായി 42 കോടി എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്.

വികസനപദ്ധതികളെയും ക്ഷേമപദ്ധതികളെയും സംയോജിപ്പിച്ച് ഒരു ന വകേരളം സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിലൂടെ വികസന, ക്ഷേമ പദ്ധതികളുടെ ഗുണഫലങ്ങൾ എല്ലാ പ്രദേശങ്ങളിലേക്കും വിഭാഗങ്ങളിലേക്കും എത്തിക്കുംഇതിനായി ഏറ്റവും പാർശ്വവൽകരിക്കപ്പെട്ടവരെ പരമപ്രധാനമായി കണ്ടുകൊണ്ടുള്ള ഇടപെ ടലാണ് സർക്കാർ നട ത്തുന്നതെന്നും സന്ദേശത്തിൽ മുഖ്യമന്ത്രി പറഞ്ഞു.




*മന്ത്രി ഒ ആർ കേളു തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുന്നു*

# 56 പട്ടിക വിഭാഗം വിദ്യാർത്ഥികൾ കൂടി വിദേശത്തേക്ക്




*വിദേശ പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്കുള്ള യാത്രാ രേഖകൾ മുഖ്യമന്ത്രി പിണറായി വിജയൻ കൈമാറുന്നു*

ഉന്നത പഠനത്തിനായി സർക്കാർ സ്കോളർഷിപ്പോടെ 56 പട്ടിക വിഭാഗം വിദ്യാർത്ഥികൾ കൂടി ഒഡെപെക് വഴി വിദേശത്തേക്ക്. വിദ്യാർത്ഥികൾക്കുള്ള യാത്രാ രേഖകൾ മുഖ്യമന്ത്രി പിണറായി വിജയൻ കൈമാറി.

ബ്രിട്ടൻ, അയർലന്റ്, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിലേക്കാണ് വിദ്യാർത്ഥികൾ പോകുന്നത്. മന്ത്രി ഒ ആർ കേളു, ഒഡെപെക് ചെയർമാൻ കെ പി അനിൽകുമാർ, പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടർ കെ ഗോപാലകൃഷ്ണൻ, ഒഡെ പെക് എം ഡി അനൂപ് അച്യുതൻ തുടങ്ങിയവർ പങ്കെടുത്തു.



*സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾ മന്ത്രി ഒ ആർ കേളുവിനൊപ്പം*

*ജീവിതത്തിൽ ഒരിക്കലെങ്കിലും വായിച്ചിരിക്കേണ്ടതും സമൂഹത്തെ സ്വാധീനിച്ചതുമായ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന പംക്തി*

**മസ്റ്റ് റീഡ് ബുക്ക്**

# കേരളത്തിലെ സമുദായചരിത്രവും സംവാദങ്ങളും



**ഡോ. ഒ കെ സന്തോഷ്**

അഞ്ചു പതിറ്റാണ്ടായി കേരളത്തിലെ ചരിത്ര സാംസ്കാരികവിമർശന സംവാദങ്ങളിൽ മൗലികമായ ചിന്തയും പ്രായോഗികമായ നിലപാടുകളും എടുത്ത കെ.കെ.കൊച്ചിന്റെ പുസ്തകങ്ങൾ അക്കാദമിക ബഹുജന വായനയിൽ വേറിട്ട ആലോചനകൾക്ക് കാരണമായിട്ടുണ്ട്. നിരന്തരം പുതുക്കുകയും അഴിച്ചുപണിയുയും ചെയ്യുന്ന ധൈഷണിക വ്യക്തിത്വം എന്ന നിലയിൽ പൊതുമണ്ഡലത്തിൽനിന്നും യോജിപ്പും വിയോജിപ്പും ക്ഷണിച്ചുവരുത്തുന്ന ഒട്ടേറെ ചർച്ചകൾ സൃഷ്ടിക്കാൻ അദ്ദേഹത്തിന്റെ ഇടപെടലുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ ദളിത് ആദിവാസിസമൂഹങ്ങളു ടെ ചരിത്രപരവും സാംസ്കാരികവുമായ വ്യവഹാരലോകത്തെ അഭിമുഖീകരിക്കുന്ന ചിന്തകളാണ് കെ.കെ.കൊച്ച് മുന്നോട്ടു വെക്കുന്നത്. അദ്ദേഹത്തിന്റെ സമകാലികരായ പലരിൽനിന്നും വ്യത്യസ്തമായി ജനാധിപത്യസംവാദങ്ങളുടെ വിശാലമായ ഒരു തുറസ് എഴുത്തുകളിൽ നിലനിർത്താൻ കഴിയുന്നുവെന്നത് സവിശേഷമായി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്.

സമീപകാലത്ത് പുറത്തുവന്ന ദളിത് സമുദായവാദവും സാമുദായി ക രാഷ്ട്രീയവും എന്ന ഗ്രന്ഥത്തിലൂടെ കടന്നുപോകുന്ന ഏതൊരാൾക്കും ബോധ്യപ്പെടുന്ന വസ്തുതയാണിത്.നമ്മുടെ വ്യവസ്ഥാപിതചരിത്രമെന്ന ബ്രഹദ്ആഖ്യാനത്തിൽ ഒഴിവാക്കപ്പെട്ടും ചിലപ്പോഴൊക്കെ ആനുഷംഗികമായുംപരാമർശിച്ചുപോകുന്ന വിഷയങ്ങൾക്ക് സവിശേഷമായ ഊന്നൽ കൊടുക്കുന്നതാണ് കെ.കെ.കൊച്ചിന്റെ രചനാരീതി. ദളിത്‌വിമർശനത്തിന്റെ രീതിശാസ്ത്രം മുഖ്യമായും പ്രശ്നവല്ക്കരിക്കുന്ന


തും വരേണ്യാധീശത്വം നിർമ്മിച്ച അഭാവങ്ങളെയും അസാന്നിധ്യങ്ങളെയും നിർമ്മാണാത്മകമായി പുനസൃഷ്ടിക്കെണ്ടതിന്റെ ആവശ്യകതയാണ്.

സമുദായം , ജാതി , വർഗം  പാർശ്വവൽക്കരണം തുടങ്ങിയ പ്രമേയങ്ങൾ സാമൂഹികചരിത്രത്തിന്റെ സൂക്ഷ്മവ്യവഹാരങ്ങളിൽ പുലർത്തുന്ന നിശബ്ദതയെ നിർധാരണം ചെയ്യാനാണ് ശ്രമിക്കുന്നത്. അതിനു ഉപോദ്ബലകമായി ചരിത്ര സാമഗ്രികളെയും വിട്ടുപോയവയെ പൂരിപ്പിക്കാൻ വ്യാഖ്യാനങ്ങളെയും പ്രയോജനപ്പെടുത്തുകയാണ് കെ.കെ. കൊച്ച് ഈ പുസ്തകത്തിൽ ചെയ്യുന്നത്.

നമ്മുടെ ജനാധിപത്യപ്രക്രിയകളെ വിപുലമായി സ്വാധീനി ച്ച നവോത്ഥാന ചരിത്രത്തെ വ്യത്യസ്ത വീക്ഷ ണത്തിലൂടെ പരിശോധിക്കുന്ന ദീർഘമായ പഠനമാണ് ജനാധിപത്യത്തിലേക്കുള്ള സാമുദായിക വഴികൾ., ചാന്നാർ കലാപങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെട്ട മനുഷ്യാന്തസിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ മുതൽ പ്രാതിനിധ്യത്തിനും അവസരസമത്വത്തിനും വേണ്ടി അധികാരപക്ഷത്ത് ചേർന്നുനി ന്ന് കീഴാളസമുദായങ്ങൾ നടത്തുന്ന നീക്കങ്ങൾ വരെ ഇതിന്റെ ഭാഗമായി വിശകലനം ചെയ്യുന്നു.

സമ്പത്ത്,അധികാരം , സാംസ്കാരിക മേധാവിത്വം തുടങ്ങി പ്രകടമായ മൂലധനം ഹിന്ദുമേൽ ജാതി സമൂഹത്തിന്റെ ചലനാ

ത്മകതയിൽ വഹിക്കുന്ന പങ്കും വിമർശനാത്മകമായി പരിശോധിക്കുന്നു. ഭൂമിയില്ലായ്മ, വിദ്യാഭ്യാസരാഹിത്യം തൊഴിൽപരമായ കീഴായ്മ തുടങ്ങി ബഹുമുഖമായ പ്രശ്നങ്ങളിലൂന്നി കേരളത്തിന്റെ ആധുനികവൽക്കരണ പ്രക്രിയയിൽ ക്രിയാത്മകമായി നടത്തിയ കീഴാള ഇടപെടലുകളുടെ സൂക്ഷ്മരേഖയാണ് ഈ പഠനം. സവിശേഷമായ ചില നിരീക്ഷണങ്ങൾ ശ്രദ്ധിക്കുക : 'ഒരു പരിഷ്കൃത സമുദായത്തിന്റെ നിർമ്മിതിക്കാവശ്യമായ വിദ്യാഭ്യാസത്തിനു വേണ്ടിയാണ് അംഗങ്ങൾ വാദിച്ചത്. വിദ്യാഭ്യാസകാര്യത്തിൽ പൊതുസമൂഹത്തിന്റെ ഭാഗമാകാൻ ഉദ്ദേശിച്ചുകൊണ്ട് അഭിപ്രായപ്പെട്ടത് , രാജ്യത്തുടനീളം ദളിതർക്ക് വേണ്ടി പ്രത്യേക സ്കൂളുകൾ തുടങ്ങുന്നത് അനാവശ്യവും അനുയോജ്യമല്ലെന്നുമാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട് പബ്ലിക് സ്കൂളുകളിൽ പ്രവേശനം നിഷേധിക്കപ്പെടുന്നു. ആയതിനാൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രവേശനം നൽകണം'




കേരളത്തിന്റെ പൊതുമണ്ഡലമെന്ന ആശയത്തിന്റെ പ്രായോഗികമായ ആവിഷ്കാരം ഈ ആവശ്യത്തിൽ പ്രകടമാണ്. ദളിത് -കീഴാളസമുദായങ്ങളുടെ ഭൗതികമായ വികാസവും പൗരാവകാശവുമൊക്കെ ആദ്യമായി ഉന്നയിക്കപ്പെടുന്ന സന്ദർഭത്തിൽഅതിന് മുൻകൈയെടുത്ത വ്യക്തികളെക്കുറിച്ചുള്ള ചരിത്രപരമായ ധാരണഒരു സമുദായമേന്നനിലയിൽ തങ്ങൾ കടന്നുവന്ന വഴികളെക്കുറിച്ച് അറിയുവാൻ അനിവാര്യമാണ്. പൊയ്കയിൽ കുമാരഗുരു : വിശ്വാസവും വിമോചനവും എന്ന ലേഖനം ഇതിനുള്ള സഫലമായ ശ്രമമാണ്.

പൊയ്കയിൽ അപ്പച്ചൻ സ്ഥാപിച്ച പി.ആർ.ഡി എസ് കേവലമൊരു മതമോ ആത്മീയവിഷയങ്ങളിൽ മാത്രമൂന്നിയ സഭയോ ആയിരുന്നില്ല. മറിച്ച് , സാമ്പത്തിക സാമൂഹിക രാഷ്ട്രീയാവകാശങ്ങൾക്ക് വേണ്ടി നിലനിന്ന പ്രസ്ഥാനമായിരുന്നു എന്ന് ഈ ഗ്രന്ഥം ചൂണ്ടിക്കാണിക്കുന്നു. ഒരു ജനതയെ പൊടിയിൽനിന്നും അഴുക്കിൽ നിന്നും മോചിപ്പിച്ചു ഭാവിജനാധിപത്യത്തെ സ്വീകരിക്കാൻ സജ്ജമാക്കിയ ചരിത്രപുരുഷനായാണ് പൊയ്കയിൽ അപ്പച്ചനെ കെ.കെ. കൊച്ച് വിശേഷിപ്പിക്കുന്നത് (പുറം.181).

ഇപ്രകാരം ദളിതർക്കിടയിലെ കാൽപ്പനികവും അമൂർത്തവുമായ ചരിത്രധാരണകൾ തിരുത്തുവാൻ ഉദ്യമിക്കുന്ന നിരവധി നിരീക്ഷണങ്ങളാൽ സമ്പന്നമാണ് ഈ പുസ്തകം.

വ്യക്തിപരമായ ചില ഓർമ്മകൾകൂടി കൃതിയിൽ കാണാം. അമ്മയെന്ന പാഠം, വിമോചന സമരം: ചില സാമുദായിക ചിന്തകൾ പോലുള്ള ലേഖനങ്ങൾ ഈ സ്വഭാവം പ്രകടിപ്പിക്കുന്നവയാണ്.

*(ലേഖകൻ മദ്രാസ് യൂണിവേഴ്സിറ്റിയിലെ അസി. പ്രൊഫസറും എഴുത്തുകാരനുമാണ്.)*

കവിത

# പടവുകൾ



സി പി ശ്രീലേഖ

മണ്ണെണ്ണ വിളക്കിന്റെ
മങ്ങിയ വെളിച്ചത്തിൽ
അക്ഷരപ്പടവുകൾ
കയറി ഞാനേകയായ്
ചോറിനായ്ത്തുറന്നില്ലധരങ്ങൾ
മദ്ധ്യാഹ്ന നേരത്തും
ലൈബ്രറിയിലല്ലോ തോഴീ

വിശന്നൊരുദരത്തെ
താങ്ങിനിർത്തിടും ബാല്യം
വികലമായ് കിടക്കുമാ-
ദ്രവിച്ച കൗമാരവും
ഉന്മാദ തിരതള്ളൽ
മനസ്സിൽ പിടച്ചൊരാ-
യൗവ്വനകാലത്തിന്റെ
നനുത്ത സ്മരണയും
നല്ലതായൊന്നുമില്ലീ
പഴന്തുണിക്കെട്ടല്ലാതെ-
യോർക്കുവാനേറെയുീ
ഭാണ്ഡത്തിന്നകതാരിൽ

ഓർക്കുകിൽ നിറഞ്ഞിടും
കൺകളും വിതുമ്പിടു-
മധരദ്വയം മമ ചിന്തകൾ തളരുന്നു.
ഇന്നു ഞാൻ ഐ എ എസിൻ
ബോർഡിനു കീഴെ
തലയുയർത്തിയിരിക്കുന്നു.
കൂട്ടുകാർ നിരവധി
എങ്കിലുമെൻ തലകുനിക്കുവാൻ
വരും
ഭൂതകാലത്തിൻ കരം.

## സൃഷ്ടികൾ ക്ഷണിക്കുന്നു

ഉന്നതി ദ്വൈമാസികയിലേക്ക് കുട്ടികളടക്കമുള്ള എഴുത്തുകാരിൽനിന്ന്
സൃഷ്ടികൾ ക്ഷണിക്കുന്നു.
കഥ, കവിത ലേഖനങ്ങൾ എന്നിവയുടെ സോഫ്റ്റ്കോപ്പി unnathimasika.cpo@gmail.com
എന്ന ഇ മെയിലിലേക്ക് അയക്കുക.
സൃഷ്ടികളോടൊപ്പം എഴുത്തുകാരുടെ മേൽവിലാസവും ഫോട്ടോയും ചേർക്കേണ്ടതാണ്.
തപാൽ വിലാസം ചുവടെ കൊടുക്കുന്നു

എഡിറ്റർ
ഉന്നതി ദ്വൈമാസിക
ചീഫ് പബ്ലിസിറ്റി ഓഫീസ്, അയ്യൻകാളി ഭവൻ, കനക നഗർ, കവടിയാർ പി ഒ, വെള്ളയമ്പലം,
തിരുവനന്തപുരം 695003
ഫോൺ 0471-2737213, 2737214, 8113904202



# മറയൂർ ശർക്കരയുടെ രുചി ഇനി ലോകമറിയും

പട്ടികവർഗ വികസന വകുപ്പിന്റെ സഹ്യകിരൺ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച ശർക്കര നിർമ്മാണ പ്ലാന്റിന്റേയും, മറയൂർ മധുരം ശർക്കരയുടെ വിപണനത്തിന്റെയും ഉദ്ഘാടനം കാന്തല്ലൂരിൽ മന്ത്രി ഒ ആർ കേളു നിർവ്വഹിച്ചു.

സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് തിരഞ്ഞെടുത്ത പരമ്പരാഗത തൊഴിലുകളിലൊന്നാണ് മറയൂർ ശർക്കര നിർമ്മാണം.

കാലാകാലങ്ങളായി ശർക്കര നിർമ്മാണവും കരിമ്പ് കൃഷിയും ചെയ്തുവരുന്ന മറയൂരിലെ നൂറ്റിയമ്പതോളം പട്ടികവർഗ കുടുംബങ്ങളെ സംഘടിപ്പിച്ച് മറയൂർ - കാന്തല്ലൂർ ട്രൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചാണ് ശർക്കര നിർമ്മാണ യൂണിറ്റ് ആരംഭിച്ചിട്ടുള്ളത്.

പരമ്പരാഗത തൊഴിൽ ശാക്തീകരണ പരിപാടിയുടെ ഭാഗമായി എസ് സി എ , ടി എസ് എസ് ഫ് ഉപയോഗിച്ചാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.

പൂർണ്ണമായും പട്ടികവർഗ കുടുംബങ്ങൾ മാത്രം അംഗങ്ങളായിട്ടുള്ള ഈ സംരഭം ഇന്ത്യയിൽ തന്നെ ആദ്യത്തേതാണ്. പട്ടികവർഗ കർഷകരുടെ കൈവശമുള്ള ഭൂമിയിലെ കരിമ്പ് കൃഷിക്ക് മതിയായ വില ലഭ്യമാക്കുകയും അതോടൊപ്പം ശർക്കര നിർമ്മാണത്തിന്റെ ലാഭം മുഴുവനും പട്ടികവർഗ മേഖലയിലേക്ക് എത്തിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

കാന്തല്ലൂർ പഞ്ചായത്തിലെ ദ്കൊമ്പ് കോളനിയിലാണ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. 30 ലക്ഷം രൂപയാണ് പദ്ധതി ചെലവ്. പരിപാടിയിൽ അഡ്വ. എ രാജ എം എൽ എ അധ്യക്ഷത വഹിച്ചു.




*'മറയൂർമധുരം' ശർക്കരയുടെ നിർമ്മാണ പ്ലാന്റിന്റേയും വിപണനത്തിന്റെയും ഉദ്ഘാടനം മന്ത്രി ഒ ആർ കേളു നിർവ്വഹിക്കുന്നു*




# പുത്തനുണർവ്വായി ജില്ലാതല അവലോകനങ്ങൾ

**വയനാട്, പാലക്കാട്, തിരുവനന്തപുരം, ഇടുക്കി, കോട്ടയം, കാസർഗോഡ്, കണ്ണൂർ, പത്തനംതിട്ട, കൊല്ലം അവലോകനങ്ങൾ പൂർത്തിയായി**

പട്ടികജാതി പട്ടികവർഗ പിന്നാക്ക വികസന വകുപ്പുകളെ ശാക്തീകരിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി നടത്തുന്ന ജില്ലാതല അവലോകനയോഗങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നടന്നുവരികയാണ്.

ആദിവാസി പിന്നാക്കമേഖലയിലെ അടിസ്ഥാന പ്രശ്ന പരിഹാരങ്ങളും നിർദ്ദേശങ്ങളു മായി സംസ്ഥാന തലത്തിൽ ജില്ലകൾ തോറും നടക്കുന്ന ആദ്യ അവലോകന യോഗമായിരുന്നു വയനാട്ടിലേത്. മന്ത്രി ഒ.ആർ.കേളുവിന്റെ നേതൃത്വത്തിൽ വയനാട് കളക്ട്രേറ്റ് എ.പി.ജെ ഹാളിൽ നടന്ന അവലോകന യോഗത്തിൽ ജില്ലയിലെ ഗോത്രമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വകുപ്പ് തലത്തിൽ ചർച്ച ചെയ്തു. പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്, പിന്നാക്ക ക്ഷേമവകുപ്പ് എന്നിവയുടെ വിവിധ പദ്ധതികൾ യോഗത്തിൽ അവലോകനം ചെയ്തു. വിവിധ ക്ഷേമ പദ്ധതികൾക്കായി അനുവദിച്ച ഫണ്ട്, നിർവ്വഹണ പുരോഗതി തുടങ്ങി ഗോത്രമേഖലയിലെ പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകളും കാരണങ്ങളും അവലോകന യോഗത്തിൽ വിലയിരുത്തി.

ആദിവാസി മേഖലകളിൽ പ്രവർത്തിക്കാൻ നിയമിതരായ ട്രൈബൽ പ്രമോട്ടർമാർ പ്രദേശത്ത് കാര്യപ്രാപ്തിയോടെ ജോലി ചെയ്യണമെന്ന് മന്ത്രി ഒ.ആർ.കേളു നിർദ്ദേശം നൽകി. ആഴ്ചയിൽ രണ്ട് ദിവസം മാത്രം പ്രമോട്ടർമാർ ഓഫീസിലെത്തിയാൽ മതി. അതിനായി തിങ്കളാഴ്ചയും വെള്ളിയാഴ്ചയും തെരഞ്ഞെടുക്കാം.
ബാക്കിയുള്ള ദിവസങ്ങളിൽ ജോലി പരിധിയിലുള്ള പ്രദേശത്ത് ഫീൽഡ് വർക്ക് നടത്തണം. മാറ്റങ്ങൾ ഇങ്ങനെ അടിത്തട്ടിൽ നിന്നും വരണം. ആദിവാസി കുടുംബങ്ങൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളും ഇതുവഴി അധികൃത തലത്തിൽ എത്തിക്കാനും പരിഹാരം കാണാനും കഴിയും. പ്രമോട്ടർമാർക്കും ആനിമേറ്റർമാർക്കും ഇതു സംബന്ധിച്ചിച്ച് ബോധവത്കരണവും പരിശീലനം നൽകും.

വയനാട് ജില്ലയിൽ പ്രാഥമിക തലം മുതൽ ഹൈസ്കൂൾ തലം വരെയുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ പത്താം തരത്തിന് ശേഷമുള്ള ഇവരുടെ തുടർപഠനം സങ്കീർണ്ണമാണ്. സ്കൂളിൽ പോകാത്ത കുട്ടികളുടെ ലിസ്റ്റ് വളരെ പെട്ടന്ന് തയ്യാറാക്കണം.താമസിക്കുന്ന സ്ഥലത്തുള്ള വിദ്യാലയങ്ങളിൽ തന്നെ ഇവർക്ക് തുടർ പഠനം സാധ്യമാകുമെങ്കിൽ നല്ലതാകുമെന്ന അഭിപ്രായം ഉയർന്നിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയതായി മന്ത്രി ഒ.ആർ.കേളു പറഞ്ഞു. വിദ്യാവാഹിനി, വിദ്യാലയങ്ങളിലെ പ്രഭാത ഭക്ഷണ പരിപാടി, മെന്റർ അധ്യാപകരുടെ സേവനം എന്നിവയെല്ലാം ശക്തിപ്പെടുത്തും. വിദ്യാവാഹിനി പദ്ധതിയിൽ പഞ്ചായത്തുകൾക്ക് നൽകാനുള്ള കുടിശ്ശിക തീർക്കണം. പ്രഭാതഭക്ഷണം നൽകുന്നതിലെ അപാകതകൾ പരിഹരിക്കണം. ഹൈസ്കൂളിലെ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് ഫണ്ട് വകയിരുത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് അനുമതി നൽകുന്നതിനുള്ള നടപടിയുണ്ടാകണമെന്നും പുഴയുടെ തീരങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളെ മഴക്കാലത്ത് സ്ഥിരമായി മഴക്കാലത്ത് മാറ്റി പാർപ്പിക്കുന്ന സാഹചര്യമുണ്ട്. ഇതിന് ശാശ്വത പരിഹാരം കാണണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ യോഗ്യത്തിൽ ആവശ്യപ്പെട്ടു.

ജില്ലയിലെ പട്ടികവർഗ വീടുകളുടെ ജീർണ്ണാവസ്ഥയും ചോർച്ചയും പരിഹരിക്കുന്നതിന് അടിയന്തരമായി ഇടപെടും. ചോർച്ച പരിഹരിക്കുന്നതിനായി ആറരക്കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചതായി പട്ടികവർഗ വികസനവകുപ്പ് ഡയറക്ടർ ഡോ.രേണുരാജ് അവലോകന യോഗത്തെ അറിയിച്ചു. അടുത്ത ദിവസങ്ങളിൽ താൽക്കാലികമായുള്ള പരിഹാരങ്ങളും ഏർപ്പെടുത്താൻ



UNICEF, വനിത ശിശു വികസന വകുപ്പ് എന്നിവയുമായി ചേർന്ന് പട്ടികവർഗവകുപ്പ് ആവിഷ്കരിച്ച 'ഹെൽത്ത് കാർഡ്' ഇടുക്കി പ്രീ സ്കൂളിലെ കുട്ടികൾക്ക് മന്ത്രി ഒ ആർ കേളു നൽകി പ്രകാശനം ചെയ്യുന്നു




യോഗത്തിൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

അടിസ്ഥാന രേഖകൾ ഉറപ്പാക്കണം

ആധാർകാർഡ്, തിരിച്ചറിയൽ കാർഡ്, ബാങ്ക് അക്കൗണ്ട് തുടങ്ങിയ രേഖകൾ ഇല്ലാത്തതിനാൽ ഗോത്രമേഖലയിലെ വിദ്യാർത്ഥികൾ അടക്കമുള്ളവർക്ക് നിരവധി വെല്ലുവിളികളുണ്ട്. പലപ്പോഴും ആനുകൂല്യങ്ങൾ ഇക്കാരണങ്ങൾ കൊണ്ട് നിഷേധിക്കപ്പെടുന്നു. വയനാട് ജില്ലയിൽ ഇവർക്കായി ആധികാരിക രേഖകൾ ലഭ്യമാക്കുന്ന എ.ബി.സി.ഡി ക്യാമ്പെയിൻ ശ്രദ്ധിക്കപ്പെട്ടതാണ്. ഈ ക്യാമ്പന്റെ തുടർച്ച ഉണ്ടാകും. ഇതുവഴി വിദ്യാർത്ഥികളുടെ ഗ്രാന്റുകൾ ഉറപ്പാക്കാൻ കഴിയും.

പുനരധിവാസം വേഗത്തിലാക്കണം.

സ്വയം സന്നദ്ധ പുനരധിവാസം, പ്രളയ സ്ഥലത്ത് നിന്നുള്ള മാറ്റിപ്പാർപ്പിക്കൽ തുടങ്ങിയവയെല്ലാം വേഗത്തിലാക്കണം. അനാവശ്യമായ ഇതുസംബന്ധിച്ച ഫയലുകൾ ഓഫീസുകളിൽ കെട്ടിക്കിടക്കാൻ പാടില്ല. ഇതര വകുപ്പുകളുമായി കൂട്ടായി എടുക്കേണ്ട തീരുമാനങ്ങൾക്കായി കൂട്ടായി യോഗം ചേരണം. പുനരധിവസിപ്പിക്കപ്പെട്ടവർക്ക് വെള്ളം വൈദ്യുതി റോഡ് എന്നിവ ഉറപ്പാക്കണം. ഭൂമിയും വീടും നൽകിയവർക്ക് അത് ഉപയോഗിക്കുന്നില്ലെങ്കിൽ അവരുടെ ലിസ്റ്റ് തയ്യാറാക്കി ആവശ്യമുള്ള മറ്റ് ഗോത്രവിഭാഗങ്ങൾക്കായി നൽകണം. കൈയ്യേറ്റ ഭൂമിയിലുള്ളവർ തുടങ്ങിയവരുടെയെല്ലാം കണക്കെടുക്കണം.

അംബേദ്കർ ഗ്രാമം പദ്ധതി ഇഴഞ്ഞുനീങ്ങരുത്. മരിയനാട് തുടങ്ങിയ ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള അന്തിമ ഘട്ടത്തിലാണെന്നും മന്ത്രി ഒ.ആർ.കേളു പറഞ്ഞു.

## ട്രൈബൽ മ്യൂസിയം തടസ്സങ്ങൾ നീക്കും

സുഗന്ധഗിരിയിൽ നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ ട്രൈബൽ മ്യൂസിയത്തിന്റെ തടസ്സങ്ങൾ നീക്കി ഉടൻ നിർമ്മാണം തുടങ്ങണം. സ്ഥലം ഒരുക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. എൻ ഊര് ഗോത്ര പൈതൃക ഗ്രാമത്തിന്റെ പ്രവർത്തനം കുറച്ച് കൂടി വിപുലമാക്കാനുള്ള പദ്ധതികൾ തയ്യാറാക്കാൻ ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീക്ക് മന്ത്രി നിർദ്ദേശം നൽകി. മാനന്തവാടിയിലെ പ്രിയദർശിനി തേയിലത്തോട്ടവും അതിനോട് അനബബന്ധിച്ച ടൂറിസം




**പട്ടികജാതി പട്ടികവർഗ പിന്നാക്ക വികസന വകുപ്പു കളുടെ വിവിധ പദ്ധതികൾ അവലോകനം ചെയ്യുന്നു.**

**പൂർത്തിയാക്കേണ്ട പദ്ധതിക ളുടെ മുൻഗണനാലിസ്റ്റ് തയ്യാ റാക്കി സമയബന്ധിതമായി ജനങ്ങൾക്ക് ആശ്വാസമെത്തി ക്കുക എന്നതാണ് സർക്കാർ ഈ അവലോകനത്തിലൂടെ ലക്ഷ്യമിടുന്നത്.**

**ഒപ്പം നാലാം നൂറുദിന കർ മ്മപദ്ധതികളുടെ വിലയിരു ത്തലും നടത്തിവരുന്നു.**

പ്രവർത്തനങ്ങളും കാര്യ ക്ഷമമാക്കും. ഇതുസംബ ന്ധിച്ച് ചുമതലയുള്ള സബ് കളക്ടർ മിസൽ സാഗർ ഭരത്തിൽ നിന്നും വിവരങ്ങൾ ആരാഞ്ഞു.

### ആരോഗ്യ ബോധവത്കരണം അനിവാര്യം

ആദിവാസി മേഖലയിലെ വർദ്ധിച്ചുവരുന്ന ലഹരി ഉപ യോഗത്തിനെതിരെ ശരി യായ ബോധവത്കരണം ന ടത്താൻ ആരോഗ്യവകുപ്പിനെ ചുമതലപ്പെടുത്തി. അർബു ദം തുടങ്ങിയ രോഗങ്ങൾ ഇവർക്കിടയിൽ കൂടി വരുന്ന സാഹചര്യത്തിലാ ണിത്. ആശുപത്രികളിൽ ആദിവാസി രോഗികളുടെ കൂട്ടിരിപ്പുകാർക്ക് അനു വദിക്കുന്ന ധനസഹായം മുടങ്ങാതെ നൽകാനും മന്ത്രി ഒ.ആർ.കേളു ആരോ ഗ്യവകുപ്പിന് നിർദ്ദേശം ന ൽകി. ആദിവാസി മെഡിക്കൽ യൂണിറ്റ്, ആംബുലൻസ് സംവിധാനം എന്നിവയും അവലോകന യോഗത്തിൽ ചർച്ച ചെയ്തു.

എം എൽ എ മാരായ ഐ സി ബാലകൃഷ്ണൻ, ടി സിദ്ദീ ഖ്, ജില്ലാ പഞ്ചായത്ത് പ്ര സിഡന്റ് സംഷാദ് മരക്കാർ, പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ ഡോ.രേണുരാജ്, പട്ടികജാതി വകുപ്പ് ഡയറക്ടർ കെ. ഗോപാലകൃഷ്ണൻ, ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീ, സബ്കളക്ടർ മിസൽ സാഗർ ഭരത്, പിന്നാക്കവിഭാഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഇ.സിദ്ധാർത്ഥ്, വൈൽഡ് ലൈഫ് വാർഡൻ വരുൺ ഡാലിയ വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർ തുടങ്ങിയവർ അവലോകന യോഗത്തിൽ പ ങ്കെടുത്തു. ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ ജി.പ്ര മോദ്, അസിസ്റ്റന്റ് പട്ടികജാ തി വികസന വകുപ്പ് ഓഫീസർ ജി.ശ്രീകുമാർ എന്നിവരും പങ്കെടുത്തു.

ഇടുക്കി ജില്ലാ തല അവലോകന യോഗത്തിൽ പട്ടികവർഗ വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ സ്കൂളുകൾ എന്നിവയിലെ കുട്ടികളുടെ സമഗ്ര ആരോഗ്യം പരി പാലിക്കുന്നതിനും ശാരീരിക ബൗദ്ധിക വളർച്ച കൃത്യമായി നിരീക്ഷിക്കുന്നതിനും ആയി UNICEF, വനിത ശിശു വികസന വകുപ്പ് എന്നിവയു മായി ചേർന്ന് വകുപ്പ് ആവി ഷ്കരിച്ച 'ഹെൽത്ത് കാർഡ്' ഇടുക്കി പ്രീ സ്കൂളിലെ കുട്ടികൾക്ക് നൽകി മന്ത്രി ഒ ആർ കേളു പ്രകാശനം ചെയ്തു.

അവലോകനത്തിൽ മന്ത്രി റോ ഷി അഗസ്റ്റിൻ, അഡീ ഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് ഷൈജു

പി.ജേക്കബ്, എം.എൽ.
എമാരായ
എം എം മണി എ രാജ,
വാഴൂർ സോമൻ, പട്ടികവർഗ
വികസന വകുപ്പ് ഡയ
റക്ടർ ഡോ.രേണു രാജ്
ഐഎഎസ്, ജോയിന്റ് ഡയ
റക്ടർ ശ്രീരേഖ, ഐ ടി ഡി പി
ഇടുക്കി പ്രൊജക്റ്റ് ഓഫീസർ
ജി അനിൽകു മാർ, അടിമാലി
ടിഡിയോ മനോജ് കെ ജി
തുടങ്ങിയവർ പങ്കെടുത്തു.

തിരുവനന്തപുരം
കളക്ടറേറ്റ് കോൺഫറൻസ്
ഹാളിൽ ജില്ലാതല
അവലോകനയോഗം നടന്നു.
വകുപ്പുകളുടെ പദ്ധതി ന
ിർവഹണം കൂടുതൽ കാ
ര്യക്ഷമമാക്കുമെന്നും
വ്യക്തിഗത പദ്ധതികൾ
നടപ്പാക്കുന്നതിലെ പ
ുരോഗതി അംബേദ്കർ
ഗ്രാമം പോലുള്ള വലിയ
പദ്ധതികളുടെ നടത്തിപ്പിലും
ഉറപ്പാക്കുമെന്നും മന്ത്രി
പറഞ്ഞു. ജില്ലാതല
അവലോകനയോഗത്തിൽ
എം.എൽ.എമാർ ഉന്നയിച്ച
വിഷയങ്ങൾ ഗൗരവമായി പ
രിശോധിക്കും. ആദ്യഘട്ട
അവലോകനയോഗങ്ങൾ
പൂർത്തിയാകുന്നതോടെ,
തുടർനടപടികളുടെ
ഭാഗമായി എല്ലാ മാ
സവും ഓൺലൈന
ായി ജില്ലകളി ൽ യോഗം
ചേരും. പദ്ധതി പുരോഗതി
വിലയി രുത്തുന്നതിന
ായി നിയോജക
മണ്ഡലാടിസ്ഥാനത്തിലുള്ള
മോണിറ്ററിങ് കമ്മിറ്റികൾ
ക്രിയാത്മകമാക്കുന്നതിന്
ഉദ്യോഗസ്ഥർക്ക് നിർദേശം
നൽകിയതായും മന്ത്രി അറി
യിച്ചു.

റോഡ്, കുടിവെള്ളം,
വൈദ്യുതി തുടങ്ങിയ
അടിസ്ഥാന സൗകര്യങ്ങൾ
പട്ടികജാതി-പട്ടികവർഗ
സങ്കേതങ്ങളിൽ ഉറപ്പാക്കും.
മനുഷ്യ-വന്യജീവി സംഘർ
ഷങ്ങളിൽ പരിഹാരമായി
സർക്കാരും വകുപ്പും
സാധ്യമായ കാര്യങ്ങൾ
ചെയ്യുന്നു. പദ്ധതി ന
ിർവഹണം കൃത്യമായി ന
ടത്തണമെന്നും ഫ് വിന
ിയോഗം പൂർണമായും ന
ടപ്പാക്കുന്നതിൽ ഉദ്യോ
ഗസ്ഥർക്ക് വീഴ്ചയു‍ാ
കരുതെന്നും മന്ത്രി
വ്യക്തമാക്കി.
വകുപ്പുകളുടെ താഴെതട്ടിൽ
നിന്നും പ്രവർത്തനങ്ങൾ ബ
ലപ്പെടുത്തും. പ്രമോട്ടർമാരുടെ
സേവനം വകുപ്പുകൾക്ക്
കൃത്യമായി ഉപയോഗിക്കാൻ
സാധിക്കണമെന്നും പ്ര
മോട്ടർമാരെ ആഴ്ചയിൽ
ഒരുദിവസം മാത്രം
ഓഫീസിലും ബാക്കി ദിവ
സങ്ങളിൽ ഫീൽഡ് പ്ര
വർത്തനങ്ങൾക്കുമായി നി
യോഗിക്കുമെന്നും മന്ത്രി
വ്യക്തമാക്കി. പട്ടികജാ
തി-പട്ടികവർഗ വിഭാ
ഗങ്ങൾക്കായി നടത്തുന്ന
ഹോം സർവേകൾ ഫലപ്ര
ദമാക്കുന്നതിനും പട്ടികജാ
തി പട്ടികവർഗ പി
ന്നാക്കക്ഷേമ വകുപ്പുകൾ
പൂർണമായും ഇ-ഫയൽ
സംവിധാനത്തിലേക്ക് മാറു
ന്നതിനുമുള്ള നടപടികൾ
സ്വീകരിക്കുമെന്നും മന്ത്രി പ
റഞ്ഞു.
തിരുവനന്തപുരം ജില്ലാ
പഞ്ചായത്ത് പ്രസിഡന്റ്
ഡി.സുരേഷ്കുമാർ, പട്ടിക
വർഗവികസന വകുപ്പ് ഡയ
റക്ടർ ഡോ.രേണുരാജ്, പ
ിന്നാക്കക്ഷേമ വികസന
വകുപ്പ് ഡയറക്ടർ ജെറേ
ാമിക് ജോർജ്, ജില്ലാ കളക്ടർ
അനുകുമാരി എന്നിവരും
മന്ത്രിക്കൊപ്പം വാർത്താസ
മ്മേളനത്തിൽ പങ്കെടുത്തു





# എല്ലാ പട്ടിക വിഭാഗക്കാരെയും ഭൂമിയുടെ അവകാശികളാക്കും: മന്ത്രി ഒ ആർ കേളു

വിവിധ പദ്ധതികളിലൂടെ എല്ലാ പട്ടിക വിഭാഗക്കാരെയും ഭൂമിയുടെ അവകാശികളാക്കുമെന്ന് മന്ത്രി ഒ ആർ കേളു. പട്ടികജാതി -പട്ടികവർഗ - പിന്നാക്ക വിഭാഗ വകുപ്പുകളുടെ ധനാഭ്യർത്ഥന ചർച്ചകൾക്ക് നിയമസഭയിൽ മറുപടി പറയുകയായിരുന്നു മന്ത്രി. ഭൂമിവാങ്ങൽ, ലാന്റ് ബാങ്ക്, നിക്ഷിപ്ത വനഭൂമി പതിച്ച് നൽകൽ, വനാവകാശ നിയമം തുടങ്ങിയ പദ്ധതികളിലൂടെ ഈ സർക്കാരിന്റെ കാലത്ത് തന്നെ എല്ലാ ഭൂരഹിത പട്ടിക വിഭാഗ കുടുംബങ്ങൾക്കും ഭൂമി നൽകാനാണ് ലക്ഷ്യമിടുന്നത്. വീട്, വഴി, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾഎല്ലാവരിലുമെത്തിക്കുന്നതിനാണ് പ്രഥമ പരിഗണനയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### മുഴുൻ പട്ടികവിഭാഗക്കാർക്കും വീട്

അടുത്ത 2 വർഷത്തിനകംമുഴുവൻ പട്ടിക വിഭാഗക്കാർക്കും വീട് നൽകുന്നതിന് ലക്ഷ്യമിടുന്നു. ഈ വർഷം 440 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. വീടുകളുടെ നവീകരണം ആവശ്യമുള്ള മുഴുവൻ വീടുകളും സേഫ് പദ്ധതിയിലൂടെ നവീകരിക്കും. തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് സേഫ് പദ്ധതി കൂടുതൽ വിപുലപ്പെടുത്തുന്നതാണ്. പഠനമുറി പദ്ധതിയും വിപുലീകരിക്കും. സർക്കാർ മേഖലകളിൽ ഹോണറേറിയത്തോടെയുള്ള തൊഴിൽ പരിശീലനവും ഇന്റേൺഷിപ്പും കൂടുതൽ വിപുലപ്പെടുത്തും. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, പത്രപ്രവർത്തനം, മീഡിയ, MBA, ലൈബ്രറി സയൻസ് തുടങ്ങിയ മേഖലകളിലേക്കും ട്രേസ് പദ്ധതി (ട്രെയിനിങ് ഫോർ കരിയർ എക്സലൻസ് ) വ്യാപിപ്പിക്കും. എക്സൈസ് വകുപ്പിൽ പട്ടികവർഗ്ഗക്കാരിൽ നിന്നും പ്രത്യേക റിക്രൂട്ട്മെന്റ് നടത്താനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി 500 വനാശ്രിത പട്ടിക വർഗക്കാരെ PSC വഴി സർക്കാർ നിയമിച്ചിരുന്നു. പ്രീ മെട്രിക്ക്, പോസ്റ്റ് മെട്രിക്ക് തുടങ്ങി വിവിധ തലങ്ങളിലായി പട്ടികജാതി പട്ടികവർഗ പിന്നോക്ക വിഭാഗങ്ങളിൽ നിന്നും 11 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ടെന്നും മന്ത്രി നിയമസഭയെ അറിയിച്ചു. വിദ്യാഭ്യാസ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിയതോടെ ഈ സംഖ്യ ഓരോ വർഷവും വർധിച്ചു വരികയാണ്. മണ്ണന്തല അംബേദ്ക്കർ ഭവനിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയ്നിംഗ് സൊസൈറ്റി (ICSETS) കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി വിപുലീകരിക്കും. ഇതിലൂടെ പഠിച്ചവരിൽ 14 പേർ സിവിൽ സർവ്വീസ് കരസ്ഥമാക്കിയിട്ടുണ്ട്. സിവിൽ സർവ്വീസ് അടക്കമുള്ള വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് മികച്ച റീഡിംഗ് റൂമും, ഡിജിറ്റൽ ലൈബ്രറി സൗകര്യവും ഒരുക്കുന്നതാണ്.

### പട്ടികജാതിക്കാർക്ക് തൊഴിലുറപ്പിൽ അധികദിനങ്ങൾ

ദുർബല വിഭാഗങ്ങളായ വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ / ചക്ലിയാൻ എന്നീവർക്ക് അധിക തൊഴിൽ ദിനങ്ങൾ തൊഴിലുറപ്പ് പദ്ധതി വഴി ലഭ്യമാക്കും. എം.ആർ.എസുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും മികച്ച നിലയിൽ ഉന്നത വിദ്യാഭ്യാസം നേടുന്നതിനും സഹായിക്കുന്ന മെന്ററിംഗ്

പ്രോഗ്രാം ഈ വർഷം തിരഞ്ഞെടുത്ത സ്കൂളുകളിൽ ആരംഭിക്കുന്നതാണ്. അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനവും അക്കാദമിക് ഇൻസ്പെക്ഷനും ഏർപ്പെടുത്തും.

## വയനാട്ടിൽ നടപ്പാക്കിയ ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ പദ്ധതി ഈ വർഷം അട്ടപ്പാടിയിൽ

പട്ടികവർഗക്കാരുടെ ആരോഗ്യം, തൊഴിൽ, വിദ്യാഭ്യാസം എന്നിവ മെച്ചപ്പെടുത്തുന്നതിന് വയനാട്ടിൽ നടപ്പാക്കിയ ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ പദ്ധതി ഈ വർഷം അട്ടപ്പാടിയിൽ നടപ്പാക്കുന്നതാണ്. പട്ടികവിഭാഗക്കാരിൽ നിന്നും തെരഞ്ഞെടുത്ത സ്റ്റാർട്ടപ്പുകളിൽ നിന്നും 50 സംരംഭങ്ങളെ ഈ വർഷം പ്രവർത്തന സജ്ജമാക്കും. പട്ടികവർഗ ഗ്രാമങ്ങളിൽ സോളാർ വൈദ്യുതി സ്ഥാപിച്ച് വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കും. ആറളം കാർഷിക ഫാമിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് വകുപ്പുകളുടെ സഹകരണത്തോടെ ഈ രംഗത്തെ സാങ്കേതിക കോഴ്സുകൾ ആരംഭിക്കുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇടമലക്കുടിയിൽ 4ജി സർവീസ്
ഇടമലക്കുടിയിൽ 4ജി സർവീസ് ലഭ്യമാക്കി. 4.31 കോടി ചെലവിട്ട് മൂന്നാറിൽ നിന്ന് 40 കിലോമീറ്റർ ദൂരം ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇട്ടാണ് BSNL, ഇന്റർനെറ്റ് സൗകര്യങ്ങൾ എത്തിച്ചത്. മുഴുവൻ പട്ടിക വിഭാഗ ആവാസസ്ഥലങ്ങളിലേക്കും യാത്രാ സൗകര്യവും, ഇന്റർനെറ്റ് കണക്ടിവിറ്റിയും വൈദ്യുതിയും എത്തിക്കുന്നതിനുള്ള പദ്ധതിയും 2 വർഷത്തിനകം പൂർത്തിയാക്കും. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ച് മാനസിക വളർച്ചയുടെ പ്രശ്നങ്ങൾ ഉള്ളവരെ ശൈശവ സമയത്ത് കണ്ടെത്തി സഹായിക്കുന്നതിനുള്ള പദ്ധതി NIPMER ന്റെയും NISH ന്റെയും സഹായത്തോടെ ഈ വർഷം നടപ്പാക്കും.

## സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകും

OBC വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനും ഈ വിഭാഗത്തിലെ വിധവകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുമുള്ള ധന സഹായം നൽകുന്ന പദ്ധതികൾ ഈ വർഷം മുതൽ ആരംഭിക്കും.

പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ 3 സബ് ഓഫീസുകൾ കൂടി ഈ വർഷം ആരംഭിക്കും. പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗങ്ങളെക്കുറിച്ച് സർവ്വേ നടത്താൻ കോർപ്പറേഷനെ ചുമതലപ്പെടുത്തും.. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ, പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ കുടിശികയുള്ള മുഴുവൻ വായ്പകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കിയും പലിശ ഇളവ് നൽകിയും തീർപ്പാക്കുന്നതിന് വായ്പാ പുനർക്രമീകരണ പദ്ധതി ഉടൻ ആരംഭിക്കും. ജൂലൈ 15 മുതൽ 100 ദിവസക്കാലം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

ഹോസ്റ്റൽ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലത്ത് വാടകയ്ക്ക് കെട്ടിടം എടുത്ത് സൗകര്യങ്ങൾ ഒരുക്കും. നിലവിലുള്ള ഹോസ്റ്റലുകളുടെ സോഷ്യൽ ആഡിറ്റ് നടത്തി കുറവുകൾ പരിഹരിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും.

## എല്ലാ പട്ടിക വർഗക്കാർക്കും ആരോഗ്യ സുരക്ഷ

എല്ലാ പട്ടികവർഗക്കാരെയും കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ ചേർത്ത് സമഗ്ര ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തും നൂതന പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുന്ന വിധത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് എസ് സി പി / ടി എസ്പി പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് മുൻകൈയ്യെടുക്കും. ഉന്നതി ഫെസ്റ്റ്
പട്ടിക വിഭാഗത്തിന്റെ തനത് കലയും സംസ്കാരവും സാഹിത്യവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉന്നതി ഫെസ്റ്റ് സംഘടിപ്പിക്കും. ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും സഹായിക്കുന്ന നിലയിൽ വിനോദ സഞ്ചാര വകുപ്പുമായി സഹകരിച്ചാകും ഉന്നതി ഫെസ്റ്റ് സംഘടിപ്പിക്കുകയെന്നും മന്ത്രി ഒ ആർ കേളു വിശദമാക്കി.

കഥ



# അഭിരുചിയുടെ സൗന്ദര്യം



നകുലൻ നന്ദനം

*ചിത്രീകരണം: അരുണ ആലഞ്ചേരി*

സ്നേഹം ആത്മാവിന്റെ ആഹാരവും ചിരി ആത്മാവിന്റെ സംഗീതവും ആണെന്ന സത്യം അഭിനവ് ആന്റണി എന്ന പതിനാറുകാരന് അറിയാവുന്ന കാര്യമാണ്. പള്ളിയിൽ വച്ച് അച്ചൻ പലകുറി ആ കാര്യം അവന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതുമാണ്. കുർബാനയ്ക്ക് ചെല്ലുമ്പോൾ ആ വാചകമാണ് അവന്റെ ഹൃദയത്തിൽ ആദ്യം ഓടിയെത്താറുള്ളതും.

പൊതുവേ അന്തർമുഖനായിരുന്ന അവൻ ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയുടെ റിസൽട്ട് വന്നതിൽ പിന്നെയാണ് ജീവിതത്തെ വെറുത്തു തുടങ്ങിയത്. പ്ലസ്ടു പഠനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ വിഷാദവും നിരാശയും. അമ്പുകൾ ഹൃദയത്തിലേക്ക് തുളച്ചു കയറുകാണ്. ഭൗതിക സാഹചര്യങ്ങൾ തീരെ കുറഞ്ഞ അയൽക്കാരി നേഹ എലിസബത്ത് എല്ലാ വിഷയങ്ങൾക്കും 'എ പ്ലസ്' കരസ്ഥമാക്കിയതോടെയാണ് അവന്റെ കഷ്ടകാലം ആരംഭിച്ചത്. ഉറക്കമിളച്ചു പഠിച്ചിട്ടും ആറ് എ പ്ലസ്സ് മാത്രമേ അവന് ലഭിച്ചിരുന്നുള്ളൂ. കൂടാതെ ബി, സി തുടങ്ങിയ ഗ്രേഡുകളും. മമ്മി നിമ്മി അവനെ ശകാരിച്ചെന്നു ഇനി പ്രത്യേകം പറയേണ്ടതില്ലല്ലോ. അവരുടെ അഭിമാനത്തിന് മുറിവേറ്റിരിക്കുന്നു. അപമാനഭാരത്താൽ നിമ്മിക്ക് തല കുനിക്കേണ്ടി വരുമെന്ന കാര്യം ഏതാണ്ട് ഉറപ്പായിരിക്കുന്നു. ഞായാറാഴ്ച രാവിലെ പള്ളിയിൽ വച്ച് കൂട്ടുകാരികളെ കാണുമ്പോൾ പ്രകടനത്തിൽ അതിഭാവുകത്വം കാണിക്കാൻ കഴിയില്ലല്ലോ. മമ്മിയുടെ മുഖം ഈർഷ്യ കയറി വികൃതമായി കാണുമ്പോൾ തന്നെ ഭയം തോന്നുകയാണ്. വാത്സല്യവും ആർദ്രതയും അനുകമ്പയും എത്രപെട്ടെന്നാണ് മമ്മിയുടെ സ്വഭാവത്തിൽ നിന്നും അപ്രത്യക്ഷമായത്. ആ കാഴ്ചകാണുമ്പോൾ അവന്റെ ഹൃദയത്തിന്റെ താളം തെറ്റും. ഫുൾ എ പ്ലസ് വാങ്ങുക എന്ന സ്വപ്നം സഫലീകരിക്കാൻ കഴിയാത്തതിൽ അവന് ദു:ഖമുണ്ടായിരുന്നു ജീവിക്കാൻ മറന്നു പോയ ഒരു സ്ത്രീയായും സ്നേഹിക്കാൻ മറന്നു പോയ ഒരമ്മയായും അവർ അധ:പതിച്ചുപോയല്ലോ എന്നവൻ ചിന്തിച്ചു.

കിട്ടുന്ന സന്ദർഭങ്ങളിലെല്ലാം മമ്മി വാക്കുകൾ കൊണ്ട് അവനെ കുത്തിമുറിവേൽപ്പിക്കുമായിരുന്നു. ആദ്യം നിരാശയാണ് അനുഭവപ്പെട്ടത്. പിന്നെ ഗഹനമായ മൗനത്തിലേക്ക് അവൻ വഴുതിവീണു.

ഏകാന്തത അവനെ വലയം ചെയ്ത കാര്യം നിമ്മി മനസിലാക്കിയതോടെ ഒരു കൗൺസിലിംഗ് ടീച്ചറെ വീട്ടിലേക്ക് വിളിച്ചു വരുത്തി. മകന്റെ മനസ്സിലെ അന്ധകാരമകറ്റി പ്രതീക്ഷയുടെ വെളിച്ചം കൊണ്ടുവരേണ്ടത് കുടുംബത്തിന്റെ യശസ്സ് നിലനിർത്താൻ അനിവാര്യമാണെന്ന് തോന്നയിതുകൊണ്ടാണ് അങ്ങനെ ഒരു സൽപ്രവർത്തി ചെയ്യാൻ തീരുമാനിച്ചത്.

അതൊരു ഞായറാഴ്ച ദിവസ മായിരുന്നു. കിഴക്ക് വെള്ള കീറിയതു മുതൽ അഭിന വ് ആന്റണി പള്ളിയിൽപ്പേ കാൻ കൂട്ടാക്കാതെ പറമ്പിൽ അലഞ്ഞു തിരിഞ്ഞു നടക്കു കയായിരുന്നു, പച്ച വെള്ളം പോലും കുടിക്കാതെ. കുറച്ചു വിശപ്പ് സഹിക്കട്ടേയെന്ന് മമ്മി യും കരുതി.

വീട്ടിൽ നിന്നും അൻപത് മീറ്റർ അകലെയുള്ള ഒരു പേ രമരത്തണലിലെ പൂൽത്തകി ടിയിൽ അവൻ ആലോചന യിൽ മുഴുകി ഇരിക്കവേയാണ് പിന്നിൽ ഒരു ആൾപ്പെരുമാറ്റം കേട്ടത്. തിരിഞ്ഞു നോക്കി യപ്പോൾ മാലാഖയെപ്പോലെ ഒരു യുവതി നിൽക്കുന്നു. ഷിഫോൺ സാരിയുടുത്ത് വെളുത്ത് മെലിഞ്ഞ ചെറുപ്പ ക്കാരി. ആത്മവിശ്വാസം നിറ ഞ്ഞുനിൽക്കുന്ന കണ്ണുകൾ.

അവൻ ആദരവോടെ എഴു ന്നേറ്റു നിന്നു.

"വരു നമുക്ക് കുറച്ചു നട ക്കാം" അവർ മുന്നോട്ട് നട ന്നു. അവൻ കൗതുകത്തോ ടെ അവരെ നോക്കിക്കൊണ്ട് യാന്ത്രികമായി പിന്തുടർന്നു.

"ഞാൻ കൗൺസലിംഗ് ടീച്ച റാണ്. ആൻസീറ്റ ആൽബർട്ട് ചിരിച്ചുകൊണ്ട് പറഞ്ഞു.

ടീച്ചറുടെ കവിളിൽ സഹ സ്രദളപത്മം വിരിയുന്നത് അവൻ കണ്ടു. തന്റെ ഉറക്ക വും ദിനചര്യകളും സാധാരണ ഗതിയിലാകാൻ ആത്മാർത്ഥ മായി അവൻ ആഗ്രഹിക്കുന്നു ണ്ടെന്ന് അവന് തോന്നി. അതുകൊണ്ടുതന്നെ  പുഴക്ക രയിലെത്തിയപ്പോൾ അവൻ ടീച്ചറെ സാകൂതം നോക്കി. ടീച്ചർ  കണ്ണുകൾ കൂർപ്പിച്ച് നോക്കുന്നതു കണ്ടപ്പോൾ ടീച്ചറിൽ അവൻ ഒരു രക്ഷ കയെ കാണുകയായിരുന്നു.

അവൻ ടീച്ചർക്ക് അഭിമുഖ മായി പുഴക്കരയിൽ തന്നെ ഇരുന്നു. ടീച്ചർ സൗമ്യമായ ഭാഷയിലാണ് സംസാരിക്കുന്ന ത്. അതും അവർക്കു മാത്രം കേൾക്കാവുന്ന ശബ്ദത്തിൽ. ടീച്ചറുടെ മൃദുലമായ ശബ്ദം അവന്റെ ഹൃദയ ഭിത്തിയിൽ തട്ടി പ്രതിധ്വനിക്കുന്നതുപോ ലെ തോന്നി.അഭിനവ് ചിരിക്കു മെന്ന് വെറുതെ ടീച്ചർ മോ ഹിച്ചുപോയി.

"മമ്മിയുടെ ശകാരം കേട്ട് മടു ത്തു ടീച്ചർ" അവന്റെ സങ്കടം അണപൊട്ടി.

"നിനക്ക് എത്ര കൂട്ടുകാ രുണ്ട്?" ടീച്ചർ ചോദിച്ചു.

"എനിക്കു കൂട്ടുകാരില്ല. കൂട്ടുകൂടിയാൽ മദ്യത്തിനും മയക്കുമരുന്നിനും അടിമയാ യിപ്പോകുമെന്നാണ് മമ്മിയുടെ പക്ഷം. ഒരു ചിത്രകാരനാ കാനാണു മോഹം. മമ്മിക്ക് ഞാൻ ഡോക്ടറാകണം".

"നമുക്കെല്ലാം ശരിയാക്കാം. മറ്റ് കുട്ടികളെക്കാൾ ഉയരവും ദേഹപുഷ്ടിയും നിനക്കുണ്ട്. നല്ലൊരു കൂട്ടുകാരനെ കിട്ടി യിരുന്നെങ്കിൽ എത്ര നന്നായി രുന്നേനെ"

ടീച്ചർ പറഞ്ഞു കഴിഞ്ഞിട്ട് ഒരു നിമിഷം അവനെ നോക്കി. സ്നേഹം തു ളുമ്പുന്ന ആ നോട്ടത്തിൽ അവൻ ലയിച്ചുപോയി അഭി നവിന്റെ ആത്മാവിന്റെ നൈ ർമല്യം വീണ്ടെടുക്കേണ്ടത് തന്റെ കടമയായി ടീച്ചർക്ക് തോന്നി..

"സൗഹൃദങ്ങളെല്ലാം ആരം ഭിക്കുന്നത് ചിരിയിൽ നിന്നാ ണ്. സന്മനസ്സുള്ളവരേ ഒന്നി ക്കുകയുള്ളൂ. മുഖത്തെ പ രിമുറുക്കം മാറണമെങ്കിൽ ചിരിക്കാൻ തയ്യാറാകണം ആ ചിരി ഹൃദയത്തിൽ നിന്നും ഉദിക്കുകയും വേണം. കൂട്ടു കാർക്ക് നിന്നെ കാണുമ്പോൾ ഇപ്പോൾ ഭയമാണ് തോന്നു ന്നത്. ഈ നെഗറ്റീവ് ഭാവം മാറ്റിയെടുക്കാൻ ചിരി സഹാ യിക്കും. ചിരി തേജസ് വർദ്ധി പ്പിക്കും, കണ്ണുകളുടെയും കവിളുകളുടെയും തിളക്കും കൂട്ടും. കുളിരിളം തെന്നൽ സിരകളിൽ പ്രവേശിക്കുന്ന തുപോലെ അനുഭൂതിയുണ്ടാ കുന്നു. ലോർഡ് ബൈറൻ പ റയുന്നതുപോലെ ലോകത്തി ലെ ഏറ്റവും വിലകുറഞ്ഞ ഔഷധമാണ് ചിരി".

ഇത് പറഞ്ഞിട്ട് ടീച്ചർ അഭിന വ് ആന്റണിയെ നോക്കി, അവൻ ടീച്ചറുടെ വാക്കുകളെ സസൂക്ഷ്മം നിരീക്ഷിച്ചുകൊ ണ്ടിരിക്കുകയായിരുന്നു. ആരാ ധനയോടെ. അത്ഭുതത്തോടെ. ജിജ്ഞാസയോടെ. ആ കാഴ്ച ടീച്ചറെ സന്തോഷപ്പെടുത്തി.

"ഹൃദയത്തെ വികസിപ്പിച്ചെ ടുക്കാൻ ചിരി ഉപകരിക്കും. അതോടെ ശിരസ്സ് ഉയർത്തി നിൽക്കാൻ ത്രാണി ഉണ്ടാകും. ഭയത്തിന്റെ ചെറിയ കണികക ളെപ്പോലും ഹൃദയത്തിനുള്ളി ലേക്ക് കടത്തി വിടാൻ ശ്രമി ക്കരുത്".

ടീച്ചർ ഗൗരവം വിടാതെ പറ ഞ്ഞിട്ട് അവന്റെ മുഖത്തേക്ക് നോക്കി. അവന്റെ ചുണ്ടുക ളിൽ ഒരു ചിരി ഒളിഞ്ഞിരിക്കു ന്നതായി അവർക്ക് തോന്നി. അവന്റെ മനസ്സിലൂടെ ശാന്ത മായൊരു അരുവി ഒഴികുന്നു ണ്ടായിരുന്നു. സ്നേഹത്തിന്റെ ആ അരുവിയിൽ നിന്ന് ചിരി പിറവി കൊള്ളട്ടെ.

മാതാ പിതാ ഗുരു ദൈവം തുടങ്ങിയവരെ നിത്യവും മനസ്സിൽ ധ്യാനിച്ചുകൊണ്ടു വേണം ഉണരാൻ, സെൻ സ ന്യാസിമാരെപ്പോലെ പ്രഭാ തം ആരംഭിക്കുന്നതു തന്നെ ചിരിയോടെ ആയിരിക്കണം. കൂടാതെ പ്രഭാത ചിന്തകൾ പ്രസാദ ചിന്തകളായിരിക്കു കയും വേണം".

ടീച്ചർ സൗമ്യമായാണ് സംസാ രിക്കുന്നത്.

ചെറിയ നിശബ്ദതയ്ക്കു ശേഷം ദുർബലമായ സ്വര



ത്തിൽ മൊണാലിസയുടെ ചിരിയെക്കുറിച്ച് അവൻ ചോദിച്ചു

“ആ ചിരി അർത്ഥഗർഭവും വിശ്വസുന്ദരവുമായിരുന്നു. ഏതായാലും തൽക്കാലം നമുക്ക് ഇന്നത്തെ സംസാരം നിർത്താം. ബാക്കി അടുത്ത ഞായാറാഴ്ചത്തെ ക്ലാസ്സിലാകാം”

“അടുത്ത ഞായറാഴ്ച ഞാൻ കാത്തിരിക്കും”

വിട്ടിലേക്ക് നടക്കുന്നതിനിടയിൽ അവൻ പറഞ്ഞു.

അവന്റെ താൽപര്യം കണ്ട് ടീച്ചർ ചിരിച്ചുപോയി. അവനും ആ ചിരിയിൽ പങ്കുചേർന്നു. വാത്സല്യം നിറഞ്ഞ ഒരു സായാഹ്നം ലഭിച്ചതിൽ അവൻ അതീവ സന്തോഷത്തിലായിരുന്നു.

ടീച്ചർ നേരെപോയത് അവന്റെ മമ്മിയെ കാണാനാണ്. അടുക്കളയിൽ നിന്നും വിളിച്ചിറക്കിയാണ് സംസാരിച്ചത്.

“ഒരിക്കലും മകനെ ഒരു ശത്രുവായി കാണരുത്. ആത്മവിശ്വാസം കൊടുക്കാനും തയ്യാറാകണം. ഇരുപത്തിനാലും മണിക്കൂറും മകനെ ചുറ്റിപ്പറ്റി നടക്കരുത്. ഇങ്ങനെ സദാനേരവും വഴക്കു പറഞ്ഞു വളർത്തിയാൽ വിവാഹശേഷം  മകൻ സ്വന്തം ഭാര്യയെപ്പോലും ഭയന്നു പോകാനിടയുണ്ട്. കാരണം അവൻ ഭാര്യയിൽ അമ്മയെ കാണും. സ്ത്രീകളെ ഭയപ്പെടുമെന്നർത്ഥം. അവനു ബുദ്ധിയും മറ്റും ഉണ്ടുതാനും. മകനെ നല്ലൊരു പൗരബോധമുള്ള മിടുക്കനായി വളർത്തിയെടുക്കാനാണു ശ്രമിക്കേണ്ടത്. ആഗ്രഹങ്ങളും സാധ്യതകളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുക. കൂട്ടിലിട്ട് വളർത്താതിരിക്കുക”

ടീച്ചർ ഗൗരവത്തോടെ പറഞ്ഞിട്ട് ആ വീട്ടിന്റെ പടവുകളിറങ്ങി വീണ്ടു കാണാമെന്ന ഭാവത്തിൽ.  നിമ്മി സതബ്ധയായി നിന്നു പോയി മാടമ്പള്ളിയിലെ യാഥാർത്ഥ രോഗി താനാണെന്ന ചിന്തയിൽ.



*ജിംനേഷ്യത്തിന്റെ ഉദ്ഘാടനം മന്ത്രി ഒ ആ ർ കേളു നിർവ്വഹിക്കുന്നു*

# കട്ടേല ഡോ.അംബേദ്കർ മെമ്മോറിയൽ എം.ആർ.എസിന് പുതിയ ജിംനേഷ്യം

തിരുവനന്തപുരം കട്ടേലയിലെ ഡോ.അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ ഹയർസെക്കണ്ടറി സ്കൂളിലെ ജിംനേഷ്യം മന്ത്രി ഒ.ആർ കേളു ഉദ്ഘാടനം ചെയ്തു. കേരള ഗ്രാമീൺ ബാങ്കിന്റെ 2023-24 സാമ്പത്തിക വർഷത്തെ സി.എസ്.ആർ ഫണ്ടിൽ നിന്നും അഞ്ച് ലക്ഷം രൂപയും പട്ടികവർഗ വികസന വകുപ്പിന്റെ ഒരു ലക്ഷം രൂപയും ഉൾപ്പെടെ ആറ് ലക്ഷം രൂപ ചെലവഴിച്ചാണ് വിദ്യാർത്ഥികൾക്കായി ഇൻഡോർ ജിംനേഷ്യം ഒരുക്കിയിരിക്കുന്നത്.

സ്കൂൾലൈബ്രറിയിലേക്കായി തിരുവനന്തപുരം താലൂക്ക് ലൈബ്രറി കൗൺസിൽ നൽകിയ 35,000 രൂപയുടെ പുസ്തകങ്ങളുടെയും കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് നൽകിയ 500 പുസ്തകങ്ങളുടെയും സമർപ്പണവും മന്ത്രി നിർവഹിച്ചു. പട്ടികവർഗവികസനവകുപ്പ്, എം.ആർ.എസ്, പി.ടി.എ പ്രതിനിധികൾ മന്ത്രിക്ക് സ്നേഹോപകാരങ്ങൾ നൽകി. ഡോ.അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ ഹയർസെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അധ്യക്ഷനും പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ ഡോ. രേണു രാജ് വിശിഷ്ടാതിഥിയുമായിരുന്നു. കേരള ഗ്രാമീൺ ബാങ്ക് ജനറൽ മാനേജർ പ്രദീപ് പദ്മൻ, റീജണൽ മാനേജർ സുബ്രഹ്മണ്യൻ പോറ്റി. എം, സംസ്ഥാന പട്ടിക വർഗ ഉപദേശക സമിതി അംഗങ്ങളായ ബി.വിദ്യാധരൻ കാണി, പൊൻപാറ സതീഷ്, തിരുവനന്തപുരം താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി സി.അനിൽകുമാർ, എന്നിവരും പങ്കെടുത്തു.



# ഇ ഗ്രാന്റ്സ് കുടിശികകൾ തീരുന്നു.

**സർക്കാർ അനുവദിച്ച 548 കോടി രൂപ സമയബന്ധിതമായി കൈമാറിയാണ് കുടിശിക പരാതികൾ തീർപ്പാക്കിയത്.**

പട്ടിക ജാതിക്കാരായ 1,34,782 വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് കൈമാറി.
പട്ടിക വർഗ വിഭാഗത്തിൽ 23, 118 വിദ്യാർത്ഥികൾക്കും പണം കൈമാറി. പബ്ലിക് ഫ് മാനേജ്മെന്റ് സിസ്റ്റം വഴിയാണ് ഓരോ വിദ്യാർത്ഥികൾക്കും തുക കൈമാറുന്നത്. പട്ടിക വർഗ വിഭാഗത്തിൽ വിതരണം പൂർത്തിയായി.
മറ്റ് അർഹ, പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള പഠനാനുകൂല്യവും വിതരണം തുടങ്ങിയിട്ടു്. ആർട്സ്, സയൻസ്, പിഎച്ച്ഡി എന്നിങ്ങനെ മുൻഗണനാ ക്രമത്തിലാകും ഇവർക്ക് തുക വിതരണം ചെയ്യുക.
ശരാശരി 12 ലക്ഷത്തിലേറെ വിദ്യാർത്ഥികൾക്കാണ് ഓരോ വർഷവും ഇ ഗ്രാന്റ്സ് നൽകുന്നത്. വിദ്യാഭ്യാസ അവസരങ്ങൾ വിപുലപ്പെടുത്തിയതോടെ ഈ എണ്ണം ഇനയും ഉയർന്നേക്കും . 2024-25 വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള അപേക്ഷാ നടപടികളും പൂർത്തിയാക്കി വരികയാണ്. 2,67,000 പുതിയ അപേക്ഷകൾ പട്ടികജാതി വിഭാഗത്തിൽ ലഭ്യമായിട്ടു്. പട്ടിക വർഗത്തിൽ 17000 ത്തോളം അപേക്ഷകരു്.
പിന്നാക്ക - മറ്റ് അർഹ വിഭാഗം വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വകയിരുത്തൽ ബജറ്റിൽ കേന്ദ്ര സർക്കാർ കുറച്ചത് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് തിരിച്ചടിയാകുമെന്നും മന്ത്രി ഒ ആർ കേളു പറഞ്ഞു. വരുമാന പരിധിയുടെ പേരിൽ പട്ടികജാതി കുട്ടികൾക്ക് കേന്ദ്ര സർക്കാർ നിഷേധിച്ച തുക കൂടി ബജറ്റിൽ അധികമായി വകയിരുത്തിയാണ് കേരളം പഠനാനുകൂല്യങ്ങൾ നൽകുന്നത്.

# കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു

കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് ലഭിക്കുന്നതിന് ട്രെയിനികളെ തെരഞ്ഞെടുക്കുന്നതിന് രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിലേക്ക് അപേക്ഷ ക്ഷണിച്ചു. 50 ശതമാനം മാർക്കോടെ പ്ലസ്ടു ജയിച്ച, ഫിസിക്സ്, ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ 55 ശതമാനം മാർക്ക് നേടിയ 2024 ഏപ്രിൽ ഒന്നിന് 17 വയസ് തികഞ്ഞവർക്ക് അപേക്ഷിക്കാം. എസ്സി/ എസ്ടി വിഭാഗം അപേക്ഷകർക്ക് പ്ലസ്ടുവിന് 45 ശതമാനം മാർക്കും ഫിസിക്സ്, കണക്ക്, ഇംഗ്ലീഷ് വിഷയങ്ങൾക്ക് 50 ശതമാനം മാർക്കും മതയാകും. കൂടുതൽ വിവരങ്ങൾക്ക്: 0471-2501814, 9526800767, ragaat@gmail.com.



ഇന്ത്യൻ യാത്രകൾ

**നദീതടങ്ങളിൽ കടുക് പൂക്കുന്ന കാലം 7**

രാധാകൃഷ്ണൻ ചെറുവല്ലി

# മുറിച്ചുമാറ്റപ്പെട്ട ധമനികൾ

പത്താൻകോട്ട് റെയിൽവേ സ്റ്റേഷനിൽ തിരക്കൊഴിഞ്ഞിരുന്നു. പട്ടാളവേഷക്കാർ എമ്പാടുമുണ്ട്. പട്ടാളബാരക്കുകളിൽ നിന്നും സ്വദേശങ്ങളിലേക്കു പോകാൻ ഭാണ്ഡങ്ങളും പേറിയെത്തിയ ഏകരായ സൈനികരും ചിലപ്പോൾ കുടുംബസമേതമെത്തിയവരും അവരെ യാത്രയാക്കാനെത്തിയ സഹപ്രവർത്തകരും ചേർന്നാൽ സിവിലിയൻ യാത്രക്കാരുടെ എണ്ണം കടക്കും. അതിർത്തികളിൽ സൈനികരും സിവിലിയന്മാരുമായി മനുഷ്യഗണം വേർതിരിക്കപ്പെട്ടിരിക്കുന്നു.

പത്താൻകോട്ടുനിന്നും 226 കി.മി ദൂരമുണ്ട് ഫിറോസ്പൂരിലേക്ക്. ജമ്മുവിൽനിന്നു അഹമ്മദാബാദിലേക്കു പോകുന്ന ട്രെയിനിൽ ഫിറോസ്പൂരിലേക്ക് ടിക്കറ്റെടുത്തു. ജമ്മുവിൽ നിന്നും വരുന്ന മനുഷ്യരെ, കാശ്മീരികളെ, അവരുടെ സന്താഷങ്ങളും സങ്കടങ്ങളും ഉൽക്കണ്ഠകളും ഇഴചേർത്തു നെയ്തെടുത്ത മുഖങ്ങളും നോക്കിയിരിക്കുമ്പോൾ അവർപിന്നിട്ടുവന്ന ഹിമവാഹിനികൾ ജനലിനു പുറത്ത് കലണ്ടർ ചിത്രം പോലെ തെളിഞ്ഞു. അവരുടെ കാശ്മീരി വാക്കുകൾ തിരിയാത്ത കവിതാലാപനംപോലെ അനുഭവപ്പെട്ടു. അവരുടെ ചിത്രാങ്കിതമായ കമ്പളങ്ങളിലെ ചുവപ്പ് കിനിഞ്ഞിറങ്ങുന്ന ചോരത്തുള്ളികളാകാമെന്ന് ഞാൻ എന്നോടു പറഞ്ഞു.

പഞ്ചാബിലെ ഗ്രാമീണ മേഖലയും ഭഗത് സിംഗിനെയും സഖാക്കളെയും തൂക്കിലേറ്റിയതിനു ശേഷം രഹസ്യമായി കത്തിച്ച ഹുസൈനിവാലയിലെ രക്തസാക്ഷി സ്മാരകവും കാണാൻ ഫിറോസ്പൂരിൽ പോകണമെന്ന് നിർദ്ദേശിച്ചത് എഴുത്തുകാരിയായ സഖാവ് സരസ്വതിയാണ്. സരസ്വതി ഇടപെട്ടില്ലായിരുന്നുവെങ്കിൽ ഫിറോസ്പൂർ ഞങ്ങളുടെ യാത്രാഭൂപടത്തിൽ തെളിയുമായിരുന്നില്ല.

പഞ്ചാബിലെ ഹരിതാഭയാർന്ന കൃഷിയിടങ്ങളിലൂടെയാണ് റെയിൽപ്പാത കടന്നുപോകുന്നത്. ഗ്രാമീണ സൗന്ദര്യം



പേറുന്ന കാഴ്ചകൾ ഓടി മറയുമ്പോൾ അടുത്ത കാഴ്ചയതാ എത്തിപ്പോയി. ഗോതമ്പുചെടികൾ കതിരിട്ടുതുടങ്ങി. പഞ്ചാബി സ്ത്രീകൾ ശിരോവസ്ത്രം ധരിച്ച് പാടവരമ്പുകളിലൂടെ നടന്നുപോകുന്നുണ്ട്. സാരിയിലെ മഞ്ഞ ബോർഡർ പോലെ കടുകുവയലുകൾ. ശീതകാല വിളകളുടെ വിളവെടുപ്പ് കഴിയാറായി. തണുപ്പിന്റെ പ്രതാപകാലം കഴിയുന്നു.

ഫിറോസ്പൂർ റയിൽവെ സ്റ്റേഷനിലിറങ്ങി. ബ്രിട്ടീഷ് വാഴ്ചക്കാലത്തെ നിർമ്മിതികളെ  ഓർമ്മി പ്പിക്കുന്ന റെയിൽവേ സ്റ്റേഷൻ. യാത്രക്കാരെ റാഞ്ചാൻ ചിറകുവിരിച്ചുനില്ക്കുന്ന റിക്ഷാക്കാരും ടാക്സി വാലകളും. സ്റ്റേഷനിൽ നില്ക്കുമ്പോൾത്തന്നെ യാത്രിനിവാസ് എന്ന സൈൻ ബോഡ്കണ്ടിരുന്നു. ഓറഞ്ചുകാലമായെന്നു തോന്നുന്നു. എമ്പാടും ഓറഞ്ചു വില്പനക്കാരാണ്. യാത്രിനിവാസിൽ മുറിയെടുക്കാൻ ചെന്നു.

ഒട്ടും സൗഹൃദം പുലർത്താത്ത റിസപ്ഷനിസ്റ്റ് ചോദിച്ചു. what is the Purpose of your journey? യാത്രക്കാർ എന്ന സഞ്ജയ്ക്ക് മൂർത്തത പോരത്ര! എന്തിനു വന്നു? ഇതെന്തുചോദ്യമെന്ന് അമ്പരന്നു. ഇതൊരു ടൂറിസ്റ്റ് സ്ഥലമല്ല, പിന്നെ? അയാൾ അർത്ഥോക്തിയിൽ നിർത്തി. കയറിവന്ന കലിയെ പുറത്തു നിർത്തി. പ്രത്യേകം പറയണം?

പറയണം സാബ്. പോലീസ് പരിശോധനയുണ്ട്. സംശയം തോന്നിയാൽ അതിർത്തിപ്പോലീസിന്റെ ചോദ്യവുമുണ്ടാവും. അതിർത്തി ഗ്രാമങ്ങൾ കാണണം. അതിർത്തികൾ ടൂറിസ്റ്റ് കേന്ദ്രങ്ങളല്ലല്ലോ ഭായി. കുഴങ്ങി. ഇനി നേരേ വാ നേരെ പോ എന്നാവാം. ഉള്ളിലാരോ പറഞ്ഞു. ദേശീയ രക്തസാക്ഷി സ്മാരകം കാണണം. അതിനായി ഹുസൈനിവാലയിൽപോകണം. അവിടെ ഇന്തോ പാകിസ്ഥാൻ അതിർത്തി സന്ദർശിക്കണം. അപ്പോൾ ബോർഡർ എന്ന് എഴുതിക്കോളൂ. എഴുതി. വിദേശചാരനെന്നോ മറ്റോ സംശയിക്കുന്നോ? അവിടെ അതിർത്തിയിൽ പതാക താഴ്ത്തൽ ചടങ്ങുണ്ട്. നാലുമണി കഴിഞ്ഞിരിക്കുന്നു. ഇനിപോയിട്ട് കാര്യമില്ല.അയാളോടു തോന്നിയ അകൽച്ച അയാളുടെ വാക്കുകൾ ചെവിക്കൊള്ളേണ്ടതില്ല എന്ന ലഘു പാഠത്തിലേക്കെത്തിച്ചു.

പുറത്തിറങ്ങി. കടന്നൽ കൂടിളകിയപോലെ ആട്ടോക്കാരെത്തി. അഞ്ഞൂറു രൂപ ചോദിച്ചു. നാനൂറു പറഞ്ഞു. അയാളെ ചാരായം മണക്കുന്നുണ്ടായിരുന്നു. അയാൾ ആട്ടോയുമായി എത്തി. പുരാതന ശകടം. പുറകിൽ കയർകൊണ്ടൊരു പ്രയോഗമുണ്ട്.ഡീസൽ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നപോലെ. ഒരുമയവുമില്ലാത്ത ഡ്രൈവിങ്ങ്. കുന്ന് കുഴി വിത്യാസമെന്നൊന്നില്ല. മുതുക് പടമായി. തികച്ചും ഗ്രാമീണമേഖലകൾ.

കൃഷീവലന്മാർ പണി കഴിഞ്ഞ് ട്രാക്ടറുകളിൽ മടങ്ങുന്നു. സാമാനങ്ങളുമായി ചന്തയിലേക്കു പോകുന്നവർ.

സൈനികത്താവളങ്ങളും സത്‌ലജ് നദിയിലെ പാലവും



കടന്ന് ഹുസൈനിവാലയിലെത്തി.ഹുസൈനിവാല ഇന്ത്യാ പകിസ്ഥാൻ അതിർത്തിയിലെ അവസാന റെയിൽവേ സ്റ്റേഷനാണ്. സ്വാതന്ത്ര്യ പൂർവ്വനാളുകളിൽ അവിഭക്ത ഇന്ത്യയിലെ മനുഷ്യർ ഫിറോസ്പൂരിൽ നിന്നും കസൂരേക്കും ലാഹോറിലേക്കും പെഷവാറിലേക്കും സഞ്ചരിച്ചിരുന്നത് ഈ പാതയിലൂടയായിരുന്നു. മുംബെയിലെത്തുന്ന ദൊരൈമാർ ഫിറോസ് പൂർ, ഹുസൈനിവാല വഴി ലാഹോറിലേക്കു പോയിരുന്നതും ഈ പാതയിലൂടെ. വാണിജ്യഹബ്ബായിരുന്നു അന്ന് ഈ റെയിൽ പാതയും സ്റ്റേഷനുകളും. 1947 ൽ ഇന്ത്യ വിഭജിക്കപ്പെട്ടപ്പോൾ റയിൽപാത മുറിച്ചുമാറ്റി. ബംഗാൾ പോലെ വിഭജനത്തിന്റെയും പലായനത്തിന്റെയും വേദനകൾ പേറുകയാണ് അപ്പുറത്തെയും ഇപ്പുറത്തെയും പഞ്ചാബുകൾ. കബന്ധങ്ങൾ ഒഴുകിപ്പോയ സ്തലജ്. മനുഷ്യർ മണ്ണിലേക്കു മടങ്ങുംമുമ്പ് അസഹനീയമായ ഗന്ധമായി കഴുകനും നായ്ക്കൾക്കും സൂക്ഷ്മ ജീവികൾക്കും ആഹാരമാകും. മനുഷ്യരഴുകിച്ചേർന്നതാവും പഞ്ചാബിലെ ഫലഫൂയിഷ്ഠത!

സത്‌ലജ്, ഭഗത് സിംഗ്, രാജ്ഗുരു, സുഖ് ദേവ് എന്നിവരുടെ ഓർമകൾ പേറുന്ന ദേശീയ രക്തസാക്ഷി സ്മാരകം അതിർത്തി പോസ്റ്റ് എന്നിവയെ സാക്ഷിയാക്കി ഹുസൈനിവാല നിലകൊള്ളുന്നു. മുറിച്ചുമാറ്റപ്പെട്ട കാലുപോലെ റെയിൽപാത ലാഹോറിലേക്കു നോക്കി കിടക്കുന്നു. കാലുകൾ മുറിച്ചുമാറ്റപ്പെട്ട് വർഷങ്ങൾ കഴിഞ്ഞാലും വിരലുകൾ വേദനിക്കുന്നതായി തോന്നുന്നപോലെ. മുറിച്ചുമാറ്റപ്പെട്ട റെയിൽ പാതയിൽ ഇരിക്കുമ്പോൾ എന്തുകൊണ്ടോ ഖുഷ്വന്ത് സിംഗിൻെറ Train to Pakistan, കമലാ പട്ടേലിൻെറ Tornfrom the Roots, ഉർവശി ബ്യൂട്ടാലിയയുടെ The other-side of silence, ഗുൽസറിൻെറ Zero Line എന്നീ പുസ്തകങ്ങൾ തന്ന വേദനകൾ ഒഴുകിയെത്തി. അപ്പോഴേക്കും

രാത്രിയായി. ഇരുട്ട് എല്ലാ കാഴ്ചകളേയും മറച്ചുകളഞ്ഞു.

*(തുടരും)*

*ലേഖകൻ എഴുത്തുകാരനും ചിന്ത പബ്ലിഷേഴ്സിൽ സബ്-എഡിറ്ററുമാണ്.*




1 കേരളത്തിലെ ഇംഗ്ലീഷ് ചാനൽ എന്നറിയപ്പെടുന്നത്?

2 ഇന്ത്യയിലെ ആദ്യത്തെ സാഹിത്യ നഗരമായി യുനെസ്കോ പ്രഖ്യാപിച്ച കേരളത്തിലെ നഗരം?

3 സ്വതന്ത്ര ഇന്ത്യയിൽ പുതിയ നാണയ സമ്പ്രദായം നിലവിൽ വന്നതെന്ന് ?

4 നദികളെക്കുറിച്ചുള്ള പഠനം അറിയപ്പെടുന്നത്?

5 ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആദ്യം നിർവഹിച്ചത് ആരാണ്?




6 കേരളത്തിൽ നിന്ന് പാർലമെന്റിൽ എത്തിയ ആദ്യ വനിത ?

7 താജ്മഹൽ രൂപകൽപ്പന ചെയ്ത ശില്പി?

8 ഊർജ്ജ സംരക്ഷണ നിയമം ആവിഷ്കരിച്ചത് ആര്?

9 മികച്ച കർഷക വനിതയ്ക്ക് കേരള സർക്കാർ നൽകുന്ന പുരസ്കാരം ഏത്?



10 ഇന്ത്യയുടെ പ്രഥമ പൗരനായ ആദ്യ മലയാളി ആര്?

11 പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട സൈലന്റ് സ്പ്രിങ് എന്ന പുസ്തകം രചിച്ചതാര്

### ഉത്തരങ്ങൾ

1 മയ്യഴിപ്പുഴ

2 കോഴിക്കോട്

3 1950 ആഗസ്ത് 15

4 പോട്ടമോളജി

5 ഡോ. ക്രിസ്ത്യൻ ബർണാഡ്

6 ആനിമസ്ക്രീൻ

7 ഉസ്താദ് ഈസ

8 ആൽബർട്ട് ഐൻസ്റ്റീൻ

9 കർഷകതിലകം

10 കെ ആർ നാരായണൻ

11 റേച്ചൽ കഴ്സൺ

*തയ്യാറാക്കിയത്: അനീസ ഇഖ്ബാൽ*





**സാന്ദ്ര**
8 -ാം ക്ലാസ്
ഗവ. മോഡൽ റസിഡൻഷ്യൽ
സ്കൂൾ, കണിയാംമ്പറ്റ
വയനാട്



**അനാമിക പ്രകാശൻ**
6-ാം ക്ലാസ്
ഗവ. മോഡൽ റസിഡൻഷ്യൽ
സ്കൂൾ, കണിയാംമ്പറ്റ
വയനാട്



# വായിക്കുക വരിക്കാരാകുക...

## ഉന്നതി

യാഥാർത്ഥ്യമാക്കാം ഒരു ജനതയുടെ ഉന്നമനം













പട്ടികജാതി പട്ടികവർഗ
പിന്നാക്കവിഭാഗ വികസന
വകുപ്പ് പ്രസിദ്ധീകരണം





ചീഫ് പബ്ലിസിറ്റി ഓഫീസ്, എസ് സി വികസനവകുപ്പ്,
അയ്യൻകാളി ഭവൻ, കനകനഗർ
ണകവടിയാർ പി ഒ,വെള്ളയമ്പലം തിരുവനന്തപുരം 695003.
ഫോൺ 0471 2737213, 2737214
email: unnathimasika.cpo@gmail.com




വിദേശപഠനത്തിന് സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾ മുഖ്യമന്ത്രി പിണറായി വിജയൻ മന്ത്രി ഒ ആർ കേളു തുടങ്ങിയവർക്കൊപ്പം

